Except for the minor irritation in the eyes and an occasional drop of an ophthalmic solution, it was just fun and frolic in the MI room for the youngsters who were admitted there. Since the doctor and his family feared the dreaded virus, Dr.Menon and his assistant made only short occasional visits to the isolation ward. So the cadets there, were just left to themselves without any supervision and just imagine what would have gone on.

The exponents of cricket took to the game with complete dedication. All forms of bats (from bathroom chappals to door frames) balls (from socks to "Punnakka") and wickets were innovated and used. Those with a culinary bent of mind prepared feasts of tapioca in various forms, using crude electric heaters in the unchecked ambience of the isolation ward. The only member of the staff who visited the ward regularly was a sweeper who was a pet of the cadets for his hairless head that often stirred Mr. Mussolini in his grave. He would attempt to instill some kind of discipline in the unruly red eyed fellows, but would finally end up consuming oral adjectives passed on his top story spheroid and leave in disgust.

The news of this great life also reached the batch of 1971 which was just three months old in the school. For the tiny tots who had just been initiated into the "big bad world" (as they saw it then) at SSKZM, away from their near and dear ones, the isolation was an ideal get away. It was like a dream land, away from the rough and tough life in the rest of the campus.

So they tried their level best to "acquire" the disease. Some of them already had some information on the disease and knew that it could come into your eyes, if you used the towel of an affected person. so towels and handkerchiefs were clandestinely transported to and from the isolation ward of the MI Room. A whizkid who had come from Bombay told them that a certain "germ" was responsible for the disease when it entered



your eyes. Since Mr. George Joseph and Mrs. Thomas had not yet come into their lives, the youngsters were not sure of the mechanism by which the virus (germ) spread. So some of them painstakingly collected the water used by the "Lucky ones" (on their way to the MI room) to wash their faces and used it to wash their own. There was also this Pisharody who hailed from the banks of a divine river, who conducted a small scale "Kameshti Yagam" so that those in heaven could bless him and his coterie with a long bout of conjunctivitis.

But there was one man who came in the way of the aspirations of these youngsters. Mr. S. Krishnan Kutty Nair, the Housemaster, would not permit the virus to attack the little eyes of any of his little guys without a real fight.

As soon as the disease broke out, he devised a system to ensure the time tested philosophy of "prevention is better than cure". All the cadets of his dormitory would be mustered twice a day, after lunch and dinner, for a "eyewash" ritual.

Each cadet was given a piece of cotton dipped in a bucket that contained cold water mixed with rose water and asked to wash out his eyes thoroughly. The exercise was conducted to military precision, ensuring total adherence to the rules, under the watchful eyes of all the prefects and Mr SKN himself. Those who tried to sham were subjected to a little bit of physical exercise in addition to the "eye wash". The "eye wash" ritual continued religiously for a week after the virus was well and truely out of the campus and Mr.SKN was able to ensure that despite the best efforts of many of his wards and the virus, only a couple of his guys had to be "isolated".

As I sit at home, red eyed, away from work, and trying to come to terms with what the treacherous virus has done to my family, I can not help remembering those September days at SSKZM in 1971 when Mr. SKN the visionary, helped us tide over a conjunctivitis season in his own style. Thank You Sir; you did more to your foster children than what I could do for my own.



If there is light in the soul,  
There will be beauty in the person  
If there is beauty in the person,  
There will be harmony in the house.  
If there is harmony in the house,  
There will be order in the nation.  
If there is order in the nation  
There will be peace in the world

***A Chinese proverb***

## Cross word



**Clues across**

1. Trip on the stick of this great comical hero (8)
7. Imitates him like these monkeys (4)
8. Descriptive of shooting in to fame (8)
10. The Afghans are not wise as far as their direction is concerned (2)
11. Bathroom singers have this to enrich their voice (4)
13. Kerala has this to say! (5)
16. Nought is the score! (3)
17. All students service has this animal about it (3)
18. Adam's son was partly capable (4)
21. You must have the lady to succeed (4)
22. Ed attends an institution for this purpose (9)
24. An Italian river? (2)
25. Only this can produce a reaction (6)

**Clues Down**

2. Totalling up to be an expert (5)
3. Exhausted all the resources! (5)
4. All India Radio has this about it (3)
5. Confront a situation with this part of your body (4)
6. The Bard of Avon has left it to your choice (2.3.4.2)
7. All tennis champions play this card and win (3)
9. It's money that you have to give back (3)
12. You do this to fish when you can't eat anymore (3)
13. A card is so called when you talk bluntly (5)
14. Donkeys out to strike you down (7)
15. Indians live long, but the irony is that they are all sick (3)
19. Hit the ball continuously with stick of office (5)
20. Ella is planning to run away with her lover! (5)
22. 'Under no orders' says the world body (3)



# AWARDS AND HONOURS



2872 Praveen Issac
NTSE 96 and National Merit Certificate, CBSE.



3239
Cibin Varkey Charley
NTSE '96 and National Merit Certificate, CBSE'96



2875 Prasanth R
NTSE '96 and National Merit Certificate CBSE'96



2869, Vinay V
NTSE'96



2961 Prasanth B K
National Merit Certificate, CBSE '96



3083 Indrajith S
Third, Delta Study Debating Competition '96

# AWARDS AND HONOURS



3449 Arjun Menon
Best Speaker -
Delta Study Debating Competition '96



3356
Naveen Issac John
First Chacha Nehru Essay writing Competition '96 and Second Essay writing Competition (Rajput Regiment)



3417 Jijo James
First Essay Writing Competition
(Awardee Teachers Association, Kerala)



2983
Thomas Vincent
First, Essay writing Competition (SPCA, Trivandrum)



2767 Anish Mathew
First, Sarvodaya Inter School
Quiz Competition



Vinu M K
First, Sarvodaya Inter School
Quiz Competition.





Sabarish G Menon



Mobin K M



Shelley K Das



Jairam R



Zachariah Thomas

## NDA



# മലയാള വിഭാഗം

## ഉള്ളടക്കം


| | | | |
|---|---|---|---|
| 1. | അമ്മ (കവിത) | രതീഷ് ജി.കെ | 2 |
| 2. | സൈനിക് സ്കൂളും സാംസ്കാരിക സംഘവും റിപ്പബ്ലിക് ദിനാഘോഷവും | ഹരികൃഷ്ണൻ ആർ, ജെ. സുനീത്കുമാർ | 3 |
| 3. | കൊലുസ്സ് (കഥ) | വിനോദ് ജയകുമാർ | 5 |
| 4. | ചാച്ചാ നെഹ്റുവിന് ഒരു കത്ത് | നവീൻ ഐസക് ജോൺ | 8 |
| 5. | ഒരു വികലാംഗന്റെ പ്രത്യാശ (കഥ) | തനീഷ് കെ. ഗോപിനാഥ് | 10 |
| 6. | ഗാന്ധിജി (കവിത) | റെബിൻ ബാസ് | 13 |
| 7. | നിഴലുകരം (കഥ) | അനീഷ് ചന്ദ്രൻ | 14 |
| 8. | അങ്ങനെയും ഒരു ദിവസം (കഥ) | വിന്ദു എം.കെ | 16 |
| 9. | ഒരു സ്നേഹിതന്റെ കഥ | അരവിന്ദ് എം. ആർ | 19 |
| 10. | ഗുരുശിഷ്യബന്ധം ഇന്നും ഇന്നലെയും | ജിജോ ജയിംസ് | 21 |
| 11. | ദിവാസ്വപ്നം | പ്രവീൺകുമാർ ആർ | 24 |
| 12. | ശാപം (കഥ) | അരുൺകിഷോർ കെ. കെ. | 25 |
| 13. | ഊട്ടിയാത്രയുടെ ഓർമ്മകളിൽ നിന്ന് ചീന്തിയെടുത്ത ഒരു ഡയറിക്കുറിപ്പ് | സന്ധ്യ ആർ | 27 |
| 14. | സൗഗന്ധികം (കവിത) | ആർ സോമനാഥപ്പണിക്കർ | 28 |
| 15. | ഒരു ദുരന്തം (കഥ) | എസ് രാജുകൃഷ്ണൻ | 29 |




**രതീഷ് ജി.കെ**
റോൾ നമ്പർ 3070, X ബി



# അമ്മ

എന്നെ ഞാനാക്കിയോരമ്മേ,
എന്നെ ഊട്ടി വളർത്തിയോരമ്മേ
നിന്നെ, വണങ്ങുന്നെൻ മാനസം,
സ്മരിക്കുന്നെൻ തീരാക്കടങ്ങളെന്നും

പത്തുമാസമെന്നെ ചുമന്നു, പിന്നെ
നൊന്തു പെറ്റു പോറ്റിയോരമ്മേ,
നിന്നെ നമിക്കുന്നെൻ മാനസം,
സ്മരിക്കുന്നെൻ തീരാക്കടങ്ങളെന്നും.

ജീവിക്കുന്നതുമെനിക്കായ്,
മരിച്ചാലതുമെനിക്കായ്, അമ്മേ,
നിന്നെ വണങ്ങുന്നെൻ മാനസം,
സ്മരിക്കുന്നെൻ തീരാക്കടങ്ങളെന്നും.

പിതാവിൻ ശാസനശരങ്ങളിൽ നിന്ന്
എന്നും മോചിപ്പിച്ചിരുന്നവൾ,
പിന്നെയാ സ്നേഹച്ഛായയിൽ,
തഴുകി അടുപ്പിക്കുന്നവൾ.
വീടിനൈശ്വര്യമായ്, വാഴുന്നവൾ;
എന്നു തീർക്കുമീ തീരാക്കടങ്ങൾ ഞാൻ,
അന്നു മാത്രമെൻ മനം, കൃതാർത്ഥമായ്.



# സൈനിക് സ്ക്കൂൾ സാംസ്ക്കാരിക സംഘവും റിപ്പബ്ലിക് ദിനാഘോഷവും

1996 ഒക്ടോബർ രണ്ടു മുതൽ മൂന്നുമാസം നീണ്ടുനിന്ന തീവ്ര പരിശീലനത്തിന്റെ പരിസമാപ്തി എന്നോണം സൈനിക് സ്ക്കൂളിലെ നൂറ്റിയമ്പതു പേരടങ്ങുന്ന സാംസ്ക്കാരിക സംഘം 1997 ജനുവരി നാലാം തീയതി വിദൂരമായ ഡൽഹി നഗരത്തിലേക്ക് യാത്ര തിരിച്ചു. മൂന്നു ദിവസത്തെ സുദീർഘമായ യാത്രയ്ക്കിടയിൽ വിവിധ തരത്തിലുള്ള ഭാരതീയ ജനങ്ങളുമായി സമ്പർക്കം പുലർത്തുവാനും അവരുടെ വൈവിധ്യമാർന്ന സംസ്ക്കാരം, ഭാഷ എന്നിവ മനസ്സിലാക്കുവാനും ഞങ്ങൾക്ക് സാധിച്ചു. അങ്ങനെ വിവിധ സ്ഥലങ്ങൾ പിന്നിട്ട് ജനുവരി ആറാം തീയതി ഡൽഹിയിൽ എത്തിച്ചേർന്ന ഞങ്ങൾ അവിടുത്തെ സാഹചര്യങ്ങളുമായി അതിവേഗം പൊരുത്തപ്പെട്ടു. തലസ്ഥാനനഗരിയിലെ കാലാവസ്ഥാ വ്യതിചലനങ്ങളെ തരണം ചെയ്ത കേരളത്തിലെ കുട്ടികൾ അവിടുത്തെ അതിശൈത്യത്തെ പോലും അതിജീവിക്കുവാനുള്ള ആത്മ ധൈര്യം നേടിയെടുത്തു.

കഴക്കൂട്ടം സൈനിക് സ്ക്കൂളിലെ സാംസ്ക്കാരിക സംഘം തങ്ങളുടേതായ രാജകീയ പ്രൗഢിയോടുകൂടി ഡൽഹിയിലെ ജനഹൃദയം കവർന്നു. കേരളത്തിന്റെ മഹനീയ നൃത്തകലകളായ കഥകളി, വേലകളി, തെയ്യം എന്നിവയ്ക്കൊപ്പം പൂരക്കൊഴുപ്പേകുന്ന വിവിധ വാദ്യോപകരണങ്ങളുടേയും ആന, കുട, ആലവട്ടം, വെൺചാമരം എന്നിവയുടേയും അപൂർവ്വ സമ്മിളിതവും അതിമനോഹരവുമായ ഒരു കലാസൃഷ്ടിയാണ് രാഷ്ട്രപതിയുടെ മുക്തകണ്ഠമായ പ്രശംസയ്ക്ക് ഇടനൽകികൊണ്ട് സൈനിക സ്ക്കൂളിന്റെ കുട്ടികൾ ഇന്ത്യൻ രാജധാനിയിൽ അവതരിപ്പിച്ചത്.

കേരളത്തിന്റെ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന രാജകീയ നൃത്തരൂപങ്ങൾക്ക് ഒരു പുനർജന്മം നൽകാൻ സൈനിക സ്ക്കൂളിന്റെ യുവകലാകാരന്മാർക്ക് തങ്ങളുടെ കഠിനപ്രയത്നം കൊണ്ട് സാധിച്ചു.

കേരളത്തിന്റെ ഭാവ പ്രധാനമായതും വളരെയധികം വിദേശികളെ ആകർഷിച്ചതുമായ കഥകളി അതിന്റേതായ ഭാവോജ്ജ്വലതയോടും മനോഹാരിതയോടും കൂടി ഇവിടുത്തെ കുട്ടികൾ അവതരിപ്പിച്ചു. കഥകളിയുടെ മനോഹരമായ മുഖാലങ്കാരങ്ങൾ കാഴ്ചക്കാരുടെ കണ്ണും കരളും കവർന്നു.

കേരളത്തിലെ സൈനിക കലകളിൽ മുഖ്യമായതും നമ്മുടെ യുദ്ധപാരമ്പര്യം വിളിച്ചുണർത്തുന്നതുമായ വേലകളി അതിന്റെ ആകർഷണീയതയോടും ഭാവഗാംഭീര്യതയോടും കൂടി ലക്ഷോപലക്ഷം വരുന്ന ഇന്ത്യൻ ജനതയുടെ മുമ്പിൽ അവതരിപ്പിക്കപ്പെട്ടു.

കേരളത്തിൽ മലബാർ പ്രദേശത്തിലെ കാവുകളിൽ മാത്രം കാണപ്പെടുന്ന ദൈവീക കലയായ തെയ്യം ഗ്രാമീണതയുടെ നിഷ്കളങ്കതയുടെ പ്രതീകമായി കാണികളിൽ വളരെ നിഗൂഢമായ ഒരു ദൈവീകാന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് രാജ്പഥിലൂടെ നീങ്ങി.

കേരളത്തിലെ പൂരങ്ങളുടെ പ്രധാന ആകർഷണീയതയായ നെറ്റിപ്പട്ടം അണിഞ്ഞ ആന, കുട, ആലവട്ടം, വെൺചാമരം എന്നിവയടങ്ങുന്ന മധുനിരയുടെ നിറപ്പകിട്ടാർന്ന സമ്മിശ്രം കാണികളെ ഹർഷപുളകിതരാക്കി.

ചെണ്ട, മിഴാവ്, കൊമ്പ്, ഇലത്താളം, ചേങ്ങില എന്നീ പുരാതന വിദ്യോപകരണങ്ങളുടെ ലയമാധുര്യം ജനങ്ങളുടെ മനസ്സിൽ സംഗീതാത്മകമായ ഒരു സ്വർഗ്ഗലോകം തന്നെ സൃഷ്ടിച്ചു.

കുട്ടികളുടെ സാംസ്ക്കാരിക പരിപാടിയിൽ മിക്ക സ്ക്കൂളുകളും നവീനതയിലേക്ക് കാൽവെച്ചുകൊണ്ട് പരിപാടികൾ അവതരിപ്പിച്ചപ്പോൾ ശ്രേഷ്ഠമായ പുരാതന കലകളുടെ മഹാത്മ്യം മാനിച്ചുകൊണ്ട് സൈനിക സ്ക്കൂൾ കുട്ടികൾ അവതരിപ്പിച്ച പരിപാടി നാഗരികതയുടെ ആർഭാടങ്ങളിൽ മുഴുകി ജീവിക്കുന്ന ഡൽഹിനിവാസികൾക്ക് പുതിയൊരു അനുഭവമായിരുന്നു. അങ്ങനെ നാലുമാസം നീണ്ടുനിന്ന കഠിനപരിശീലനത്തിന്റെ ഫലം അനുയോജ്യമായ രീതിയിൽ വിനിയോഗിക്കുവാൻ സൈനിക സ്ക്കൂളിലെ പൂണക്കുട്ടികൾക്ക് സാധിച്ചു.

മഹനീയമായ കേരളീയ പൈതൃകം ലോകത്തിനു മുമ്പിൽ വെളിപ്പെടുത്തപ്പെട്ട ഒരു അസുലഭനിമിഷമായിരുന്നു, 1997 ജനുവരി ഇരുപത്തിയാറാം തീയതി 'രാജ്പഥിൽ' അരങ്ങേറിയത്.


**ഹരികൃഷ്ണൻ. ആർ**
റോൾ നമ്പർ 3480
ക്ലാസ്സ് IX ബി

**ജെ. സുനീഷ് കുമാർ**
റോൾ നമ്പർ 3151
ക്ലാസ്സ് IX സി


*"ഈശാവാസ്യമിദം സർവ്വം*
*യത് കിം ച ജഗത്യാം ജഗത്*
*തേന ത്യക്തേന ഭുഞ്ജീഥാ*
*മാ ഗൃധ കസ്യ സ്വിദ്ധനം"*

ഈശാവാസ്യോപനിഷത്ത്

# കൊലുസ്സ്

വിനോദ് ജയകുമാർ
റോൾ നമ്പർ 2991, ക്ലാസ്സ് X ബി

ക്രിസ്തുമസ്സ് അവധിക്കാലം. അന്നും പതിവു തെറ്റാതെ ഞാൻ 'അഴകിയ രാവണൻ' ചമഞ്ഞ് റോഡിലിറങ്ങി. തിരുവനന്തപുരത്തെ തിരക്കേറിയ വീഥികളിൽ 'വായിനോട്ടം' പതിവാക്കിയ ഞാൻ അന്നും അത് മുടക്കിയില്ല. പക്ഷേ അന്ന് എനിക്ക് എന്റെ പ്രിയ 'വിനോദ'ത്തിൽ എന്തോ ഒരു താത്പര്യക്കുറവ് തോന്നി. കാരണം ഞായറാഴ്ചയായതിനാൽ ആരും തന്നെ കാലിൽ തടഞ്ഞില്ല. അങ്ങനെ നിരാശനായി തിരിച്ചുനടക്കുമ്പോൾ ഒരോട്ടോറിക്ഷ എന്റെ സൈഡിലൂടെ കടന്നുപോയി. പക്ഷേ സാധാരണ ഒരു വണ്ടിയെപ്പോലും വെറുതെവിടാത്ത എന്റെ കണ്ണുകൾ അന്നത്തെ നൈരാശ്യം കാരണം അതിനെ വെറുതെ വിട്ടു. അല്പദൂരം ചെന്നതും ഓട്ടോ പെട്ടെന്ന് നിറുത്തി. അപ്രതീക്ഷിതമായി ഒരു സുന്ദരി അതിൽ നിന്ന് ചാടിയിറങ്ങുകയും ഓടാൻ ശ്രമിക്കുകയും ചെയ്തു. ഇത് കണ്ട് 'ആപത്തിൽ പെട്ട നായിക'യെന്നാണ് എന്റെ മനസ്സിൽ ആദ്യം തോന്നിയത്. ഞാൻ ഉടനെ നായക വേഷം അണിഞ്ഞ് ആ പെൺകുട്ടിയുടെ അടുത്തേക്ക് ആവേശപൂർവ്വം ഓടാൻ തുടങ്ങി. അപ്പോഴേക്കും ഗുണ്ടകളെ പോലെ തോന്നിച്ച മൂന്ന് തടിമിടുക്കുള്ള ചെറുപ്പക്കാർ ഓട്ടോയിൽ നിന്ന് ഇറങ്ങിവന്നു. ഇവരെ കണ്ടപ്പോഴേക്കും എന്റെ ആവേശമെല്ലാം പറപറന്നു. അവർ അവളെ ബലമായി പിടിച്ച് ഓട്ടോയിൽ കയറ്റാൻ നോക്കിയപ്പോൾ അവൾ ആർത്തു വിളിച്ചു. "എന്നെ വിടൂ, പ്ലീസ് എനിക്ക് ജീവിക്കണം. എന്നെ വിടൂ". പക്ഷേ ആ നിലവിളി ഞാൻ നിസ്സഹായനായി കേട്ടു നിന്നു. അവർ അവളെ കയറ്റിക്കൊണ്ടുപോയി. ഞാൻ ആ ഓട്ടോയുടെ നമ്പർ എന്റെ മനസ്സിൽ കുറിച്ചിട്ടു. അവർ പോയശേഷം ഞാൻ സംഭവസ്ഥലത്തെത്തി. അവിടെ മണ്ണിൽ എന്തോ കിടന്നു തിളങ്ങുന്നതുപോലെ എനിക്കു തോന്നി. സൂക്ഷിച്ചു നോക്കിയപ്പോൾ അതൊരു ഭംഗിയുള്ള വെള്ളക്കൊലുസ്സായിരുന്നു.

അന്ന് രാത്രി എനിക്കുറക്കം വന്നില്ല. ആ കൊലുസ്സെടുത്ത് ഞാൻ വിശദമായി നിരീക്ഷിച്ചപ്പോൾ അതിന്റെ ഉടമസ്ഥയെ ഞാനൊന്നുകൂടി ഓർത്തു. ഞാൻ ഇതുവരെ കണ്ടിട്ടുള്ള സിനിമാനടികളുടെ മുഖച്ഛായയുമായി അവളുടെ മുഖത്തെ സാദൃശ്യപ്പെടുത്തിനോക്കി. അതിൽ നിന്നെല്ലാം വ്യത്യസ്തമായ ഒരു സൗന്ദര്യമായിരുന്നു അവളുടേത്. ആ സുന്ദരമുഖം എന്റെ മനസ്സിൽ മായാതെ നിന്നു. മനസ്സിൽ മുഴുവൻ അവളെപ്പറ്റിയുള്ള ചിന്തകളായിരുന്നു. അവരവളെ എന്തിനായിരിക്കും പിടിച്ചുകൊണ്ടുപോയത്? എവിടേക്കായിരിക്കും? ആർക്കു വേണ്ടിയിട്ടായിരിക്കും? അവൾ ആരായിരിക്കും? മിക്കവാറും പണത്തിനു വേണ്ടിയായിരിക്കും തട്ടിക്കൊണ്ടുപോയത്. പ്രത്യേകിച്ചും പണം മനുഷ്യനെ അടിമയാക്കിവെച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ. "ഇല്ല അവൾക്കൊന്നും സംഭവി



ച്ചു കാണില്ല" ഞാൻ സ്വയം സമാധാനിച്ചു. "എങ്ങനെയും അവളെ കണ്ടെത്തണം. അവളെ അവരുടെ കയ്യിൽ നിന്ന് എങ്ങനെയെങ്കിലും രക്ഷിക്കണം". ആ ഓട്ടോയുടെ നമ്പർ ഞാനോർത്തു. " KL-01 H-2991."

പിറ്റേ ദിവസം തന്നെ ഞാൻ ആ ഓട്ടോ അന്വേഷിച്ചിറങ്ങി. പട്ടണത്തിന്റെ മുക്കും മൂലയും ഞാൻ അരിച്ചുപെറുക്കാൻ തുടങ്ങി. ഉച്ചയായപ്പോഴേക്കും ഞാനാകെ ക്ഷീണിച്ചു അടുത്തുള്ള ഒരു ഹോട്ടലിൽ കയറി ഭക്ഷണം കഴിച്ചു. അതിനുശേഷം വീണ്ടും തിരച്ചിൽ തുടങ്ങി. അങ്ങനെ ഞാൻ ചെന്നു നിന്നത് അടുത്തു കണ്ട ഒരു ഇടവഴിയിലായിരുന്നു. അവിടെ ഞാനൊരു ബോർഡു വായിച്ചു. 'ചന്ദ്രനെല്ലിനഗർ' ആളൊഴിഞ്ഞ ഒരു പ്രദേശമായിരുന്നു അത് കുറച്ചുനേരം നടന്നപ്പോൾ യാദൃച്ഛികമായി അവിടെ ഒരു വീട്ടിൽ ഒരോട്ടോ കിടക്കുന്നതു കണ്ടു. ഞാൻ അതിന്റെ നമ്പർ ശ്രദ്ധിച്ചു. " KL-01 H-2991."।

ഞാൻ ആ വീടിനെ സമീപിച്ചു. ഗെയിറ്റ് വെളിയിൽ നിന്ന് താഴിട്ടിരിക്കുകയാണ്. പക്ഷേ ഞാൻ പിന്മാറിയില്ല. എന്റെ അന്വേഷണബുദ്ധിവെച്ച് നോക്കിയപ്പോൾ അവർ അവളെ അകത്തിട്ടുപൂട്ടിയിട്ട് പോയിരിക്കുകയാണെന്ന് തോന്നി. മതിലുചാടുകയല്ലാതെ മറ്റുവഴിയൊന്നും കണ്ടില്ല. അകത്തെത്തിയ ഞാൻ ശബ്ദമുണ്ടാക്കാതെ വീട്ടിനടുത്തേക്ക് നടന്നു. വരാന്തയിൽ ആരെയും കാണാൻ കഴിയാത്തതിനാൽ അടുത്തു കണ്ട ജനാലിലൂടെ അകത്തേക്ക് നോക്കി. അവിടെ ഒരു കട്ടിലിൽ ഒരു സുന്ദരി വിഷമിച്ചിരിക്കുന്നത് കണ്ടു. മറ്റു തടിയന്മാർ ഇല്ലെന്നു മനസ്സിലാക്കിയ ഞാൻ അവളെ ആംഗ്യം കാണിച്ചു വിളിച്ചു. അവൾ വരാന്തയിലേയ്ക്ക് വന്നു. ഞാൻ മെല്ലെ അടുത്തേയ്ക്ക് ചെന്ന് അവളോട് ചോദിച്ചു. "നിന്റെ പേരെന്താണ്? ആദ്യം സംശയിച്ചുനിന്ന അവൾ മറുപടി പറഞ്ഞു. "ദേവീ", ഞാൻ വീണ്ടും ചോദിച്ചു "ദേവീ, നിനക്കിവിടെ നിന്ന് രക്ഷപ്പെടണമെന്നുണ്ടോ?" വേണമെന്ന ഭാവത്തിൽ അവൾ തലയാട്ടി. "എങ്കിൽ വരൂ. നിന്നെ രക്ഷപ്പെടുത്താനാണ് ഞാൻ വന്നത്. വേഗം പോയി നിന്റെ അത്യാവശ്യസാധനങ്ങളെല്ലാം എടുത്ത് കൊണ്ടുവരൂ. അവർ വരുന്നതിന് മുമ്പ് നമുക്ക് രക്ഷപ്പെടണം". അവൾ അകത്തേക്ക് പോയി. സ്കൂളിൽ പരീക്ഷാപേപ്പർ കിട്ടുന്നതിലുമധികമായിരുന്നു മനസ്സിലെ ടെൻഷൻ. അധികം വൈകാതെ അവൾ തിരിച്ചുവന്നു. അവളുടെ മുഖത്ത് സ്വാതന്ത്ര്യത്തിന്റെ ദിനങ്ങൾ വരവേൽക്കുന്നതായുള്ള ഒരു പുഞ്ചിരി വിടർന്നു നിൽക്കുന്നു. അവളുടെ കയ്യിൽ നിന്ന് 'സ്യൂട്ട്കേസ്' ഞാൻ വാങ്ങിച്ചു." ഇനി വൈകേണ്ട ദേവി വരൂ' അങ്ങനെ ഞങ്ങൾ മുറ്റത്ത് കാലുകുത്തിയതും അവൾ പറഞ്ഞു. "എനിക്കുവേണ്ടി ഒരു മിനിറ്റു കൂടി നില്ക്കണം. ഞാനിപ്പോൾ വരാം". അവൾ അകത്തേക്കോടിപ്പോയി ഞാൻ സ്യൂട്ട്കേസ് താഴെ വയ്ക്കാൻ ഭാവിച്ചതും അവൾ തിരിച്ചെത്തി. കയ്യിൽ ഒരു ചെറിയ കവറുമുണ്ടായിരുന്നു. അത് അവളുടെ കയ്യിൽ നിന്ന് വാങ്ങിച്ച് ഞാൻ ചോദിച്ചു. "എന്താ ഇതിനകത്ത്"? "എന്റെ ബ്രഷും പേസ്റ്റും, വളയും, കമ്മലും ആണിതിനകത്ത്." അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു. കുറച്ചു ദേഷ്യം വന്നെങ്കിലും ഞാനൊന്നും പറഞ്ഞില്ല. ഞങ്ങൾ വീണ്ടും നടന്നുതുടങ്ങിയപ്പോൾ അവൾ ചോദിച്ചു. "പേര് പറഞ്ഞില്ലല്ലോ". "വിനോദ്" ഞാൻ പറഞ്ഞു. അവൾ തുടർന്നു. വിനോദ്, ഒരു മിനിറ്റുകൂടി നില്ക്കണേ, ഞാനിതാ വരുന്നു." വല്ലതും തിരിച്ചു പറയുന്നതിനു മുമ്പേ അവൾ ഓടി മറഞ്ഞു. ഒരു മിനിറ്റ് അഞ്ചു മിനിറ്റ്, പത്തുമിനിറ്റുമായി. അവൾ വന്നു. എന്താ ദേവീ നിനക്ക് രക്ഷപ്പെടേണ്ടേ? എന്തിനാണ് പോയത്? ഞാൻ കുറച്ചു ചൂടായിച്ചോദിച്ചു "ഞാൻ . . . . ഞാൻ... അത്. ഞാൻ പൊട്ടുതൊടാൻ പോയതാണ്. " എന്റെ കയ്യിൽ സ്യൂട്ട്കേസും കവറും ഉണ്ടായിരുന്നത് അവളുടെ നല്ല കാലം. ഞാൻ പെട്ടെന്ന് അവളുടെ കൈ പിടിച്ച് ഗെയിറ്റ് ലക്ഷ്യമാക്കി നടന്നു. അവളും ഉത്സാഹത്തോടെ നടന്നു. പക്ഷേ അതാ ഗെയിറ്റിന്റെ മറുവശത്ത് ആ തടിയന്മാർ നിൽക്കുന്നു. ഞാൻ ധൈര്യം സംഭരിച്ചു. ഇല്ല ഈ പാവം

കുട്ടിയെ ഞാൻ വിട്ടുതരില്ല. നിങ്ങൾക്കു പണമാണു വേണ്ടതെങ്കിൽ ഞാൻ തരാം. മര്യാദക്ക് മാറുന്നതാണ് നല്ലത്. ഇല്ലെങ്കിൽ ഞാൻ പോലീസിനെ വിളിക്കും. എന്നു പറഞ്ഞു. അവരിൽ പൊക്കം കൂടിയ ആൾ മറ്റു തടിയന്മാരോടു പറഞ്ഞു. നിങ്ങൾ ഇവളെയും കൊണ്ട് അകത്തേക്ക് പോകൂ. അവർ അവളെ പിടിച്ചുകൊണ്ട് പോയി. ഇപ്പോഴും എനിക്ക് നോക്കിനിൽക്കാനേ കഴിഞ്ഞുള്ളു. അയാൾ പറഞ്ഞു. "അനിയനിങ്ങ് വാ, പറയട്ടെ". "ഞാൻ കേൾക്കാൻ നിർബന്ധിതനായി. അയാൾ പറഞ്ഞു തുടങ്ങി. "നീ വിചാരിക്കുന്നതുപോലെ ഞങ്ങളിവളെ പിടിച്ചു വച്ചിരിക്കുന്നതൊന്നുമല്ല. ഇവൾ സത്യത്തിൽ ഞങ്ങളുടെ അനുജത്തിയാണ്". ഈ വാർത്ത എന്നെ ഞെട്ടിച്ചു. അയാൾ തുടർന്നു "ഒരു അപകടത്തിൽ ഉണ്ടായ മെന്റൽ ഷോക്കുമൂലം അവളിന്നൊരു മാനസികരോഗിയാണ്". ഞാൻ അവളെ നോക്കി. അവളതാ ബ്രഷും കല്ലും മറ്റും എറിഞ്ഞു കളിക്കുന്നു. ഇന്നലെ ആശുപത്രിയിൽ നിന്ന് കൊണ്ടു വന്നതേയുള്ളു. അയാൾ പറഞ്ഞു. ഇത് കേട്ട് എന്റെ കണ്ണ് നിറഞ്ഞു.

"ഐ.ആം.സോറി, ഞാൻ പതുക്കെ വിട പറഞ്ഞിറങ്ങി. "വിനോദ്, എന്നെക്കൂടികൊണ്ടു പോകൂ. വിനോദ്..." ആ വിളികേട്ട് തിരിഞ്ഞുനോക്കി. അവളെ അധികം നേരം നോക്കിനിൽക്കാനുള്ള ശേഷി എനിക്കില്ലായിരുന്നു. ഞാൻ തിരിഞ്ഞു നടന്നു.

രാത്രി വീട്ടിൽ ഉറങ്ങാൻ കിടക്കുമ്പോൾ ആ കൊലുസ്സ് എന്റെ കയ്യിൽ വച്ച് ഞാൻ നോക്കിക്കൊണ്ടിരുന്നു. രണ്ടോ മൂന്നോ തുള്ളി കണ്ണുനീർ പൊടിഞ്ഞത് ഞാൻ പോലും അറിഞ്ഞില്ല. എന്നും അവളുടെ ഓർമ്മയ്ക്കായി ഇതു ഞാൻ സൂക്ഷിക്കും. തീർച്ച.

◎

*സത്യം ബ്രൂയാൽ പ്രിയം ബ്രൂയാൽ*
*ന ബ്രൂയാൽ സത്യമപ്രിയം*
*പ്രിയം ച നാനൃതം ബ്രൂയാൽ*
*ഏഷ ധർമ്മ സനാതന*

*കൂടിയല്ലാ പിറക്കുന്ന നേരത്തും*
*കൂടിയല്ലാ മരിക്കുന്ന നേരത്തും*
*മദ്ധ്യേയിങ്ങനെ കാണുന്ന നേരത്തു*
*മത്സരിക്കുന്നതെന്തിനു നാം വൃഥാ?*

*ജ്ഞാനപ്പാന*



# ചാച്ചാ നെഹ്റുവിന് ഒരു കത്ത്

*പ്രിയപ്പെട്ട ചാച്ചാ നെഹ്റുവിന്,*

ഇന്ത്യ! എന്റെ പ്രിയനാട് സ്വാതന്ത്ര്യത്തിന്റെ അമ്പതാം വാർഷികം ആഘോഷിക്കുന്ന ഈ അവസരത്തിൽ സ്വാതന്ത്ര്യ സമരത്തിന്റെ ശില്പികളിൽ അഗ്രഗണ്യനായ അങ്ങേക്ക് അത്യധികം സന്തോഷത്തോടെ ഞാൻ ഒരു കത്തെഴുതുകയാണ്. പൂക്കളെയും കുരുന്നുകളേയും ഒന്നുപോലെ സ്നേഹിച്ച അങ്ങയുടെ വലിയ മനസ്സിനെ ആരാധനയോടെ നോക്കിക്കാണുന്ന ഒരു കൊച്ചു പൗരനാണ് ഞാൻ. തിരക്കുപിടിച്ച ജോലികൾക്കിടയിലും ശിശുക്ഷേമപ്രവർത്തനങ്ങളിൽ അതീവ ശ്രദ്ധ ചെലുത്തിയിരുന്ന അങ്ങയുടെ മഹത്വത്തെപ്പറ്റിയും ആദർശനിഷ്ഠയെപ്പറ്റിയും കുട്ടിക്കാലം മുതൽ കേട്ടറിഞ്ഞാണ് ഞാൻ വളർന്നത്. ഈ കത്തെഴുതുന്നതിനു മുന്നോടിയായി അങ്ങയുടെ ആത്മകഥ സ്കൂൾ ലൈബ്രറിയിൽ നിന്നും തെരഞ്ഞുപിടിച്ച് ഞാൻ വായന ആരംഭിച്ചു. സത്യം പറയട്ടെ, ഇന്ത്യയുടെ സ്വാതന്ത്ര്യസമരചരിത്രവും കൂടിയായ ആ പുസ്തകം ആവേശത്തോടും അതിലേറെ അഭിമാനത്തോടും കൂടിയാണ് ഞാൻ വായിച്ചുതീർത്തത്.



സ്വാതന്ത്ര്യത്തിന്റെയും സോഷ്യലിസത്തിന്റെയും കാഹളം മുഴക്കിക്കൊണ്ട് ഇന്ത്യാരാജ്യം മുഴുവൻ ഒരു കൊടുങ്കാറ്റു പോലെ ആഞ്ഞുവീശി ചുറ്റിയടിച്ച അങ്ങയുടെ അർപ്പണബോധവും സമരവീര്യവും, സ്വാതന്ത്ര്യത്തിന്റെ അർത്ഥം ഇനിയും ശരിക്കും മനസ്സിലാക്കിയിട്ടില്ലാത്ത ഇന്നത്തെ തലമുറയ്ക്ക് ദേശസ്നേഹത്തിന്റെയും ഐക്യത്തിന്റെയും അമൃത് പകർന്നു നൽകുന്നു. ഇന്ത്യയ്ക്കു പൂർണ്ണ സ്വാതന്ത്ര്യം എന്ന ലക്ഷ്യം മുന്നിൽ കുറിച്ചിട്ട അന്നു മുതൽ ബ്രിട്ടീഷ് സാമ്രാജ്യത്തോടു പടപൊരുതുകയല്ലാതെ എനിക്ക് വേറൊരു തൊഴിലില്ല, ബിസിനസ്സില്ല, കർമ്മരംഗമില്ല എന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് ജയിൽ വാസത്തേയോ കോടതി വിചാരണയേയോ ഭയപ്പെടാതെ സ്വജീവിതം മാതൃഭൂമി

കുട്ടിയെ ഞാൻ വിട്ടുതരില്ല. നിങ്ങൾക്കു പണമാണു വേണ്ടതെങ്കിൽ ഞാൻ തരാം. മര്യാദക്ക് മാറുന്നതാണ് നല്ലത്. ഇല്ലെങ്കിൽ ഞാൻ പോലീസിനെ വിളിക്കും. എന്നു പറഞ്ഞു. അവരിൽ പൊക്കം കൂടിയ ആൾ മറ്റു തടിയന്മാരോടു പറഞ്ഞു. നിങ്ങൾ ഇവളെയും കൊണ്ട് അകത്തേക്ക് പോകൂ. അവർ അവളെ പിടിച്ചുകൊണ്ട് പോയി. ഇപ്പോഴും എനിക്ക് നോക്കിനില്ക്കാനേ കഴിഞ്ഞുള്ളൂ. അയാൾ പറഞ്ഞു. "അനിയനിങ്ങ് വാ, പറയട്ടെ". "ഞാൻ കേൾക്കാൻ നിർബന്ധിതനായി. അയാൾ പറഞ്ഞു തുടങ്ങി. "നീ വിചാരിക്കുന്നതുപോലെ ഞങ്ങളിവളെ പിടിച്ചു വച്ചിരിക്കുന്നതൊന്നുമല്ല. ഇവൾ സത്യത്തിൽ ഞങ്ങളുടെ അനുജത്തിയാണ്". ഈ വാർത്ത എന്നെ ഞെട്ടിച്ചു. അയാൾ തുടർന്നു "ഒരു അപകടത്തിൽ ഉണ്ടായ മെന്റൽ ഷോക്കുമൂലം അവളിന്നൊരു മാനസികരോഗിയാണ്". ഞാൻ അവളെ നോക്കി. അവളതാ ബ്രഷും കല്ലും മറ്റും എറിഞ്ഞു കളിക്കുന്നു. ഇന്നലെ ആശുപത്രിയിൽ നിന്ന് കൊണ്ടുവന്നതേയുള്ളൂ. അയാൾ പറഞ്ഞു. ഇത് കേട്ട് എന്റെ കണ്ണ് നിറഞ്ഞു.

"ഐ.ആം.സോറി, ഞാൻ പതുക്കെ വിടപറഞ്ഞിറങ്ങി. "വിനോദ്, എന്നെക്കൂടികൊണ്ടു പോകൂ. വിനോദ്..." ആ വിളികേട്ട് തിരിഞ്ഞുനോക്കി. അവളെ അധികം നേരം നോക്കിനിൽക്കാനുള്ള ശേഷി എനിക്കില്ലായിരുന്നു. ഞാൻ തിരിഞ്ഞു നടന്നു.

രാത്രി വീട്ടിൽ ഉറങ്ങാൻ കിടക്കുമ്പോൾ ആ കൊലുസ്സ് എന്റെ കയ്യിൽ വച്ച് ഞാൻ നോക്കിക്കൊണ്ടിരുന്നു. രണ്ടോ മൂന്നോ തുള്ളി കണ്ണുനീർ പൊടിഞ്ഞത് ഞാൻ പോലും അറിഞ്ഞില്ല. എന്നും അവളുടെ ഓർമ്മയ്ക്കായി ഇതു ഞാൻ സൂക്ഷിക്കും. തീർച്ച.

*സത്യം ബ്രൂയാൽ പ്രിയം ബ്രൂയാൽ*
*ന ബ്രൂയാൽ സത്യമപ്രിയം*
*പ്രിയം ചനാനൃതം ബ്രൂയാൽ*
*ഏഷ ധർമ്മ സനാതന*

*കൂടിയല്ല പിറക്കുന്ന നേരത്തും*
*കൂടിയല്ല മരിക്കുന്ന നേരത്തും*
*മദ്ധ്യേയിങ്ങനെ കാണുന്ന നേരത്തു*
*മത്സരിക്കുന്നതെന്തിനു നാം വൃഥാ?*

*ജ്ഞാനപ്പാന*



# ചാച്ചാ നെഹ്റുവിന് ഒരു കത്ത്

പ്രിയപ്പെട്ട ചാച്ചാ നെഹ്റുവിന്,

ഇന്ത്യ! എന്റെ പ്രിയനാട് സ്വാതന്ത്ര്യത്തിന്റെ അമ്പതാം വാർഷികം ആഘോഷിക്കുന്ന ഈ അവസരത്തിൽ സ്വാതന്ത്ര്യസമരത്തിന്റെ ശില്പികളിൽ അഗ്രഗണ്യനായ അങ്ങേക്ക് അത്യധികം സന്തോഷത്തോടെ ഞാൻ ഒരു കത്തെഴുതുകയാണ്. പൂക്കളേയും കുരുന്നുകളേയും ഒന്നുപോലെ സ്നേഹിച്ച അങ്ങയുടെ വലിയ മനസ്സിനെ ആരാധനയോടെ നോക്കിക്കാണുന്ന ഒരു കൊച്ചു പൗരനാണ് ഞാൻ. തിരക്കുപിടിച്ച ജോലികൾക്കിടയിലും ശിശുക്ഷേമപ്രവർത്തനങ്ങളിൽ അതീവ ശ്രദ്ധ ചെലുത്തിയിരുന്ന അങ്ങയുടെ മഹത്വത്തെപ്പറ്റിയും ആദർശനിഷ്ഠയെപ്പറ്റിയും കുട്ടിക്കാലം മുതൽ കേട്ടറിഞ്ഞാണ് ഞാൻ വളർന്നത്. ഈ കത്തെഴുതുന്നതിനു മുന്നോടിയായി അങ്ങയുടെ ആത്മകഥ സ്കൂൾ ലൈബ്രറിയിൽ നിന്നും തെരഞ്ഞുപിടിച്ച് ഞാൻ വായന ആരംഭിച്ചു. സത്യം പറയട്ടെ. ഇന്ത്യയുടെ സ്വാതന്ത്ര്യസമരചരിത്രവും കൂടിയായ ആ പുസ്തകം ആവേശത്തോടും അതിലേറെ അഭിമാനത്തോടും കൂടിയാണ് ഞാൻ വായിച്ചുതീർത്തത്.



സ്വാതന്ത്ര്യത്തിന്റെയും സോഷ്യലിസത്തിന്റെയും കാഹളം മുഴക്കിക്കൊണ്ട് ഇന്ത്യാരാജ്യം മുഴുവൻ ഒരു കൊടുങ്കാറ്റു പോലെ ആഞ്ഞുവീശി ചുറ്റിയടിച്ച അങ്ങയുടെ അർപ്പണബോധവും സമരവീര്യവും, സ്വാതന്ത്ര്യത്തിന്റെ അർത്ഥം ഇനിയും ശരിക്കും മനസ്സിലാക്കിയിട്ടില്ലാത്ത ഇന്നത്തെ തലമുറയ്ക്ക് ദേശസ്നേഹത്തിന്റെയും ഐക്യത്തിന്റെയും അമൃത് പകർന്നു നൽകുന്നു. ഇന്ത്യയ്ക്കു പൂർണ്ണ സ്വാതന്ത്ര്യം എന്ന ലക്ഷ്യം മുന്നിൽ കുറിച്ചിട്ട അന്നു മുതൽ ബ്രിട്ടീഷ് സാമ്രാജ്യത്തോടു പടപൊരുതുകയല്ലാതെ എനിക്ക് വേറൊരു തൊഴിലില്ല, ബിസിനസ്സില്ല, കർമ്മരംഗമില്ല എന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് ജയിൽ വാസത്തേയോ കോടതി വിചാരണയേയോ ഭയപ്പെടാതെ സ്വജീവിതം മാതൃഭൂമി

ക്കുവേണ്ടി സമർപ്പിക്കുവാൻ അങ്ങയെ പ്രേരിപ്പിച്ച വികാരം എന്തായിരുന്നു ചാച്ചാജി? സമരനായകനായിരുന്ന ഗാന്ധിജിയുടെ തത്വചിന്തകളോ? കറകളഞ്ഞ ദേശഭക്തിയോ? അതോ ഹ്രസ്വമായ ഈ ലോകജീവിതത്തിൽ നന്മചെയ്യുക എന്ന ലക്ഷ്യമോ? ഇങ്ങനെ ഒരുപാടു കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കുവാൻ അങ്ങ് ഒരിക്കൽ കൂടി ജന്മമെടുത്തുവന്നിരുന്നെങ്കിൽ എന്നു വെറുതെ ഞാൻ ആശിച്ചുപോവുകയാണ്.

ഇന്ത്യയ്ക്കുവേണ്ടി ഭരണഘടനാമാറ്റങ്ങൾ റിപ്പോർട്ട് ചെയ്യുവാൻ എന്ന ഭാവത്തിൽ 1928-ൽ ഇവിടെയെത്തിയ സൈമൺ കമ്മീഷനെ ബഹിഷ്കരിക്കുവാൻ മുന്നിട്ടിറങ്ങിയപ്പോൾ അങ്ങുകാണിച്ച ആത്മസംയമനം സ്വാതന്ത്ര്യസമരചരിത്രത്തിലെ മഹദ്സംഭവമായി എന്റെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നു. തുടർച്ചയായി രണ്ടാം ദിവസവും ലാത്തിച്ചാർജ്ജ് ഏറ്റുവാങ്ങേണ്ടിവന്നപ്പോൾ, ലാത്തിപിടിച്ചെടുത്തു പോലീസിനെ തിരിച്ചടിക്കുവാൻ ഒരുമ്പെട്ട അങ്ങ് മനക്കരുത്ത് സ്വയം സംഭരിച്ചുകൊണ്ട് അതിൽ നിന്നും പിന്മാറി അച്ചടക്കത്തിന്റെ മഹനീയ മാതൃക അനുയായികൾക്ക് കാണിച്ചുകൊടുത്തു. ഈ സഹനത്തിന്റെ മാതൃക ജീവിതത്തിൽ പകർത്തുവാൻ ഇന്നത്തെ തലമുറ കൂട്ടാക്കാത്തതുകൊണ്ടാണ് ഇന്നിവിടെ വിദ്യാലയങ്ങളിൽ പോലും കലാപങ്ങളും കൊലപാതകങ്ങളും നിത്യസംഭവങ്ങളാകുന്നത്.

വേദനയോടെ എഴുതട്ടെ, അഴിമതിയും വർഗീയതയും മതഭ്രാന്തും തീവ്രവാദവും ഒക്കെ ഉയർത്തുന്ന വെല്ലുവിളികൾ നമ്മുടെ നാടിന്റെ നിലനിൽപ്പിനെത്തന്നെ ചോദ്യം ചെയ്യുകയാണ്. രാഷ്ട്രീയത്തിൽ ധാർമിക മൂല്യങ്ങൾക്ക് ഇന്ന് യാതൊരു വിലയുമില്ല. പുണ്യഭൂമിയെന്ന് ലോകസംസ്കാരം വിശേഷിപ്പിച്ച ഇന്നാട്ടിൽ അമ്മയും സഹോദരിമാരും അപമാനിക്കപ്പെടുന്നു. കുട്ടികൾ പലവിധത്തിലും ചൂഷണം ചെയ്യപ്പെടുന്നു. അങ്ങയുടെ സങ്കല്പത്തിലുണ്ടായിരുന്ന ക്ഷേമ രാഷ്ട്രം പടുത്തുയർത്തുവാൻ ഇനിയും ഞങ്ങൾക്കു കഴിഞ്ഞിട്ടില്ല.

ഇനിയുമൊരു സ്വാതന്ത്ര്യസമരം ഞങ്ങൾ ഞങ്ങളോടുതന്നെ പ്രഖ്യാപിക്കേണ്ടിയിരിക്കുന്നു. ഇന്ത്യയുടെ അഖണ്ഡതയും കെട്ടുറപ്പും കാത്തു സൂക്ഷിക്കുവാൻ ഇന്ത്യയെ പുരോഗതിയിലേക്കു നയിക്കുവാൻ അങ്ങയുടെ ആദർശങ്ങളിൽ ഉറച്ചു നിന്നുകൊണ്ടു എന്നാലാവും വിധം പ്രയത്നിക്കുമെന്ന് ഞാനിതാ ഉറപ്പുതരുന്നു. രാജ്യസേവനത്തിന്റെ ആദ്യത്തെ പരിശീലനക്കളരിയായ സൈനിക് സ്കൂൾ വിദ്യാലയം എന്നെ അതിനു പ്രാപ്തനാക്കട്ടെ. കുട്ടികളുടെ പ്രിയങ്കരനായ ചാച്ചാജി, അദൃശ്യനായിനിന്നുകൊണ്ടായാലും എന്നെ അനുഗ്രഹിക്കുമല്ലോ?

**നവീൻ ഐസക്ക് ജോൺ**
*റോൾ നമ്പർ - 3356, ക്ലാസ്സ് X എ*
*പട്ടേൽ ഹൗസ്, സൈനിക് സ്കൂൾ പി.ഒ.,*
*കഴക്കൂട്ടം, തിരുവനന്തപുരം.*

*(മലയാള മനോരമ ദിനപ്പത്രം അഖില കേരളാടിസ്ഥാനത്തിൽ നടത്തിയ കത്തെഴുത്ത് മത്സരത്തിൽ ഒന്നാംസ്ഥാനം നേടിയ കത്ത്)*





# ഒരു വികലാംഗന്റെ പ്രത്യാശ

*തനീഷ് കെ.ഗോപിനാഥ്*
*റോൾ നമ്പർ 2935, XI ബി.*

ഞാൻ ഒരു വികലാംഗൻ. ലോകത്തിലെ അനേകം വികലാംഗരായ ചെറുപ്പക്കാരിലൊരുവൻ. ഉപജീവനത്തിന്, ഉണ്ടായിരുന്ന തുണ്ട് ഭൂമി വിറ്റുകിട്ടിയ പണം കൊണ്ട് സ്ഥാപിച്ച ഒരു ടെലിഫോൺ ബൂത്തുമാത്രം. ആൾത്തിരക്കു കുറഞ്ഞ ഒരു ദിവസം. നിരത്തിലെ ചുട്ടുപൊള്ളുന്ന ഉച്ചവെയിലിലേക്ക് വെറുതെ നോക്കിയിരുന്ന എന്റെ ശ്രദ്ധ പെട്ടന്നാണ് ഒരു കൂട്ടം ചെറുപ്പക്കാരിലേക്ക് തിരിഞ്ഞത്. ഉച്ചത്തിൽ മുദ്രാവാക്യം മുഴക്കിയും മുഷ്ടികൾ അന്തരീക്ഷത്തിലേക്ക് ആഞ്ഞുചുരുട്ടി എറിഞ്ഞും ആവേശഭരിതരായി മുന്നേറുകയാണവർ. അവരുടെ മുന്നിൽ നേതാവെന്നു തോന്നിക്കുന്ന ഒരു ചെറുപ്പക്കാരൻ മുഖം നിറയെ പുഞ്ചിരിയുമായി നടന്നു നീങ്ങുന്നു. ആ വിദ്യാർത്ഥി ജാഥ എന്നെ കടന്നുപോയപ്പോൾ ഉൾക്കടമായ വികാരക്ഷോഭത്താലോ, വർധിച്ച പുച്ഛത്താലോ, എന്തോ ഞാനറിയാതെ എന്റെ ചുണ്ടുകൾ കോടിപ്പോയി. അല്പനേരം വേണ്ടിവന്നു സ്ഥലകാലബോധം വീണ്ടുകിട്ടാൻ. വർധിച്ച മാനസിക ക്ഷീണത്തോടെ ഞാൻ കസേരയിലേക്ക് തളർന്നിരുന്നു.

വയ്യ. മറക്കാനാവുന്നില്ല. ആ സംഭവങ്ങൾ. പകൽപോലെ വ്യക്തമായ ചിത്രങ്ങൾ മനസ്സിലേക്കോടിയെത്തുന്നു. ഒരിക്കലും ഓർമ്മിക്കാനിടവരരുതെന്നാശിച്ചുകൊണ്ട് വിസ്മൃതിയുടെ ആഴങ്ങളിലേക്ക് കല്ലുകെട്ടിത്താഴ്ത്തിയ സംഭവങ്ങൾ. എനിക്കു ചുറ്റും ലോകം കീഴ്മേൽ മറിയുന്നുവോ? ചിന്തകൾക്കു വേഗമേറുകയാണെന്ന് ഞാനറിഞ്ഞു. ചിന്തകൾ പായുകയാണ്. പുറകോട്ട്. പ്രകാശവേഗതയിൽ പുറകോട്ട്. മനസ്സിന്റെ സകല സീമകളെയും അതിർവരമ്പുകളെയും കവച്ചുവച്ച് അതിശീഘ്രം പായുകയാണ്. വയ്യ മനസ്സിൽ ചിത്രങ്ങൾക്ക് മിഴിവേറുകയാണ്. ഓർമ്മകൾക്ക് തെളിവേറുകയാണ്. തളരുന്ന മനസ്സിനെ പിടിച്ചുനിർത്താനെന്നവണ്ണം ഞാൻ കസേരയിൽ മുറുകെ പിടിച്ചു.

അച്ഛനും അമ്മയും സഹോദരിയുമടങ്ങുന്ന ഒരു യാഥാസ്ഥിതിക കുടുംബത്തിലെ അംഗമായിരുന്നു ഞാൻ. മാതാപിതാക്കൾക്ക് എന്നിൽ വലിയ പ്രതീക്ഷയായിരുന്നു. മകൻ വലിയവനാകണം എന്ന ചിന്തകൊണ്ടാണ് പലരുടെ കാലുപിടിച്ചിട്ടായാലും അച്ഛൻ എന്നെ കോളേജിൽ ചേർത്തത്. അവരുടെ പ്രതീക്ഷകൾക്കൊത്തു വളർന്നു വരികയായിരുന്ന എന്നെ യുവത്വത്തിന്റെ തിരിച്ചറിവില്ലായ്മ വിധിയുടെ ബലിമൃഗമാക്കുകയായിരുന്നു.

അക്കാലത്താണ് ഒരു വിദ്യാർത്ഥി സംഘടനയുടെ നേതാവിന്റെ തീപ്പൊരി പ്രസംഗം എന്നെ വളരെയധികം സ്വാധീനിച്ചത്. എന്റെ മനസ്സിൽ വിദ്യാർത്ഥി രാഷ്ട്രീയം ഒരു ഹരമായി വളരുകയായിരുന്നു. തെറ്റും ശരിയും മനസ്സിലാക്കാൻ കഴിയാത്ത യുവത്വം എന്റെ ജീവിതം തെറ്റുകളിലേക്ക് തിരിച്ചുവിടുകയായിരുന്നു.

ആ വർഷം തന്നെ കോളേജ് വിദ്യാർത്ഥിസംഘടനയുടെ യുവനേതാവായി ഞാൻ തെരഞ്ഞെടുക്കപ്പെട്ടു. രാഷ്ട്രീയഭ്രാന്ത് എന്നെ മുഴുവനായി കീഴടക്കു

കയായിരുന്നു. ഞാൻ ഒരു പുതിയ മനുഷ്യനായിക്കഴിഞ്ഞിരുന്നു. സ്വാർത്ഥമോഹിയായ കറതീർന്ന ഒരു വിദ്യാർത്ഥി നേതാവ്.

കലാലയ രാഷ്ട്രീയത്തിൽ അഭിവൃദ്ധിയുടെ പടവുകൾ ഒന്നൊന്നായി ചവിട്ടക്കയറിയപ്പോൾ സിരകളിൽ ഉന്മാദമായിരുന്നു. വിജയലഹരിയായിരുന്നു. എൻെറ കുടുംബത്തെ മറന്നു.. എന്നിട്ടും അപരാധബോധം എന്നെ തൊട്ടുതീണ്ടിയില്ല. കാരണം ഇതിനോടകം ഞാൻ യുവനേതാക്കളുടെ കൂട്ടത്തിലൊരാളായിക്കഴിഞ്ഞിരുന്നു.

പിന്നീടങ്ങോട്ട് കോളേജിൽ അക്രമരാഷ്ട്രീയത്തിൻെറ കാലമായിരുന്നു. ഇലക്ഷൻ സമയത്ത് കോളേജ് കാമ്പസ് അടക്കിഭരിച്ചിരുന്നത് കഠാരയും, വടിവാളും, സൈക്കിൾചെയിനുകളുമായിരുന്നു. പിറ്റേ വർഷവും ഇലക്ഷനിൽ ഞാൻ ജയിച്ചു. ഉപയോഗിക്കാവുന്ന സകല കുതന്ത്രങ്ങളും ഉപയോഗിച്ചുതന്നെ. അക്കാലത്ത് ആദർശങ്ങളല്ലായിരുന്നു മനസ്സുഭരിച്ചിരുന്നത്. മറിച്ച് സ്വാർത്ഥതയും കുതന്ത്രങ്ങളുമായിരുന്നു. എന്തുവിലകൊടുത്തും ജയിക്കണം എന്നതായിരുന്നു ലക്ഷ്യം. ആ ലക്ഷ്യത്തിന് പക്ഷേ കനത്തവില നൽകേണ്ടിവരുമെന്ന് ഞാൻ ഒരിക്കലും വിചാരിച്ചില്ല.

ആ രാത്രിയിൽ ആഹ്ലാദപ്രകടനം നടത്തിവരികയായിരുന്നു. അപ്രതീക്ഷിതമായിരുന്നു ആക്രമണം. കൂടെ നടന്നിരുന്ന അനുയായികൾ അപകടം മണത്തറിഞ്ഞ് ഇരുളിലേക്കു വലിഞ്ഞുകഴിഞ്ഞിരുന്നു. ശത്രുവിൻെറ കൈയ്യിലെ കഠാര ഒരു മിന്നൽപ്പിണരുപോലെ എൻെറ വയറിനുനേരെ ഉയർന്നുതാഴുന്നത് മാത്രമേ ഞാൻ കണ്ടുള്ളൂ. പിന്നീട് എല്ലാം ഇരുട്ടായിരുന്നു ബോധമണ്ഡലത്തിലെ വെളിച്ചം കുറഞ്ഞ് ഇരുട്ടുപരക്കുന്നത് ഞാൻ ഒരു മാത്രനേരത്തേക്കറിഞ്ഞു.

ബോധം വീണപ്പോൾ ഞാൻ ആശുപത്രിയിലായിരുന്നു. ഞാൻ വിചാരിച്ചിരുന്നപോലെ എൻെറ ചുറ്റിനും നേതാക്കളുണ്ടായിരുന്നില്ല. പകരം നിറകണ്ണുകളോടെ എൻെറ കുടുംബാംഗങ്ങളായിരുന്നു. കുറ്റബോധത്താൽ, നിറയുന്ന കണ്ണുകൾ അവരെ കാണിക്കാതിരിക്കുവാൻ വേണ്ടി ഞാൻ മുഖം തിരിച്ചുകളഞ്ഞു.

പിന്നീട് നേതാക്കളാരും എന്നെ തിരിഞ്ഞുനോക്കിയില്ല. രക്തം ചോർന്ന് അവശനിലയിലായിരുന്ന എനിക്ക് രക്തം തരാൻ പോലും ആരും ഉണ്ടായില്ലെന്ന് പിന്നീട് ഞാനറിഞ്ഞു. ആർക്കും വേണ്ടാത്ത വികലാംഗക്കൂട്ടത്തിലേക്ക് അവർ എന്നെയും തള്ളുകയായിരുന്നു. വെറുമൊരു പാഴ്വസ്തുവിനെപ്പോലെ.

മനസ്സിലെ അഹങ്കാരത്തിൻെറ മഹാമരം കടപുഴകിവീഴുകയായിരുന്നു. സ്വാർത്ഥത ഉരുകിയൊലിച്ചുപോവുകയായിരുന്നു.

ചികിത്സകൾക്കും ആശുപത്രിച്ചെലവുകൾക്കും മറ്റുമായി ഭൂമിയുടെ ഒരു ഭാഗം വിൽക്കേണ്ടിവന്നു. വികലാംഗനായ എനിക്ക് ഒരു തൊഴിലിനുവേണ്ടി പല വാതിലുകളും മുട്ടിയെങ്കിലും ഒന്നും തുറന്നില്ല. പിന്നീട് ഉണ്ടായിരുന്ന ഭൂമി കൂടി വിറ്റ് സ്വയം തൊഴിലായി ഒരു ടെലിഫോൺ ബൂത്ത് സ്ഥാപിച്ചു ഇന്ന് സ്വന്തമായുള്ളത് ഈ ബൂത്തും, ഒരു പിടി സ്വപ്നങ്ങളുമാണ്. സാക്ഷാത്ക്കരിക്കപ്പെടാൻ വെമ്പുന്ന ഒരുപിടി സ്വപ്നങ്ങൾ!

നിങ്ങൾക്ക് ഞാൻ വെറുമൊരു വികലാംഗൻ മാത്രം. ലോകത്തിലെ അനേകം വികലാംഗരിൽ ഒരാൾ. ജീവിതത്തിൻെറ ഇരുണ്ട ഇടനാഴികളിൽകൂടി ജീവിതം വലിച്ചിഴയ്ക്കാൻ വിധിക്കപ്പെട്ട ഒരു കൂട്ടം ഹതഭാഗ്യരിലൊരാൾ മാത്രം. പക്ഷേ പ്രതിസന്ധികൾക്കിടയിലും സാക്ഷാത്കരിക്കപ്പെടാൻ വെമ്പുന്ന ഒരു പിടി സ്വപ്നങ്ങൾക്ക് വീണ്ടും ചിറകുവെക്കുകയായിരുന്നു. ആ സ്വപ്നങ്ങൾ എന്നെ ജീവിക്കാൻ നിർബന്ധിതനാക്കുന്നു.

ഓർമ്മകളിൽ നിന്ന് എന്നെ ഉണർത്തിയത് അപ്പുറത്തെ മെഡിക്കൽ ഷോപ്പിലെ ടെലിവിഷൻെറ ശബ്ദമാണ്. അടുത്ത നിമിഷം ടെലിവിഷനിൽ വന്ന വാർത്തകേട്ട് സന്തോഷത്താൽ എനിക്ക് ഹൃദയം പുറത്തുചാടാൻ വെമ്പുന്നതുപോലെ തോന്നി. ഹൈക്കോടതി വിദ്യാലയങ്ങളിലും കലാലയങ്ങളിലും രാഷ്ട്രീയം നിരോധിച്ചുവത്രേ. എൻെറ ജീവിതത്തിലെ ഏറ്റവും സന്തോഷഭരിതമായ നിമിഷമായിരുന്നു അത്. ഇനിയും ഭാരതം പുനർജനിക്കുമോ? ജനിക്കുമെന്ന് ഈ വികലാംഗൻെറ മനസ്സുപറയുന്നു. രാഷ്ട്രീയ ചിന്തയില്ലാത്ത ഒരു പുതിയ വിദ്യാർത്ഥി സമൂഹത്തിലൂടെ, സ്വാർത്ഥതയില്ലാത്ത ഒരു പുതിയ യുവതലമുറയിലൂടെ ജനിക്കുമെന്ന് ഈ പഴയ വിദ്യാർത്ഥി നേതാവ് വിശ്വസിക്കുന്നു. ഈ പുതിയ വികലാംഗൻ പ്രത്യാശിക്കുന്നു. നിറഞ്ഞ മനസ്സോടെ.

❖

ഓം ഭൂഃ ഓം ഭുവഃ ഓം സുവഃ
ഓം തത് സവിതുർ വരേണ്യം
ഭർഗ്ഗോ ദേവസ്യ ധീ മഹി
ധീയോ യോനഃ പ്രചോദയാത്.

*ഗായത്രീ മന്ത്രം*

അവനവനാത്മ സുഖത്തിനാചരിക്കുന്നവ
അപരന്നു സുഖത്തിനായ് വരേണം

ആത്മോപദേശ ശതകം



# ഗാന്ധിജി

മുട്ടോളമെത്തുന്ന മുണ്ടുടുത്ത്,
മുട്ടൻവടിയൊന്ന് കയ്യിലേന്തി,
മൊട്ടത്തലയും, ചിരിയുമായി,
എത്തുന്നതാരാണ് ഓർക്കുമിയോ?
ഭാരതീയരെ ഒന്നാക്കി കാട്ടി
നമ്മെ ചരിത്രങ്ങളാക്കി വച്ച,
വെള്ളക്കാർക്കുള്ളൊരു വെള്ളിടിയായ്.
ഇന്ത്യയെ രക്ഷിച്ച ദൂതനല്ലേ?
ഹിന്ദുവും, മുസ്ലീമും, ക്രിസ്ത്യാനിയും
ഇന്ത്യക്കാർ ഒന്നാണെന്നു ചൊല്ലിയോരു
അമ്മയെ വെട്ടിമുറിക്കും ശ്രമം,
തടയുവാൻ ചെന്നൊരു രാജ്യസ്നേഹി
മതഭ്രാന്തന്റെ വെടിയുണ്ടയാൽ,
മരണം വരിച്ചൊരു വീരനല്ലോ.

**റോബിൻ ബാസ്**
*റോൾ നമ്പർ : 3255*
*ക്ലാസ്: VIII എ*



# നിഴലുകൾ

**അനീഷ് ചന്ദ്രൻ**
*റോൾ നമ്പർ 2881, ക്ലാസ്സ് XI*

കാശ്മീർ താഴ്‌വര. ജനുവരിയിലെ മഞ്ഞു പൊഴിയുന്ന ഒരു സായാഹ്നം. മഞ്ഞുമൂടിയ പർവ്വതശിഖരങ്ങൾക്കിടയിലും തടി കൊണ്ടു നിർമ്മിച്ച ചെറിയ വീട് ദൃശ്യമായിരുന്നു. ഇരുട്ടു നിറഞ്ഞ ആ വീട്ടിനുള്ളിൽ ഏകദേശം മുപ്പതു വയസ്സുമാത്രം തോന്നിക്കുന്ന ഒരു യുവാവ് പുക വലിച്ചു കൊണ്ടേയിരുന്നു. ഷഫീർ അലിഖാൻ എന്ന അയാൾ ഒരു 'ക്യാറ്റ്' ആയിരുന്നു. (താഴ്‌വരയിൽ പ്രശ്നം സൃഷ്ടിക്കുന്ന തീവ്രവാദികളെ പിടിക്കാൻ പോലീസും സൈനിക വൃത്തങ്ങളും മറ്റും ഉപയോഗിച്ചിരുന്ന കീഴടങ്ങിയ തീവ്രവാദികളെ 'ക്യാറ്റ്സ്" എന്നു വിളിക്കുന്നു). വേട്ടയ്ക്കിടയിൽ പുലിയെ ആകർഷിക്കാൻ കെട്ടിയിടുന്ന ബലിയാടുകളെ പോലെ അയാളുടെ ജീവിതവും ദുരിത പൂർണ്ണമായിരുന്നു. ഭാവിയെകുറിച്ച് തികഞ്ഞ പ്രതീക്ഷകളൊന്നുമില്ലാതിരുന്ന അയാൾ മുള്ളു നിറഞ്ഞ തന്റെ പൂർവ്വകാലത്തെക്കുറിച്ച് ചിന്തിച്ചു.

അലിഗ്രാം എന്ന ഒരു കൊച്ചു കാശ്മീർ ഗ്രാമത്തിൽ ജനിച്ച ഷഫീറിന്റെ അഞ്ചാം വയസ്സിൽ അയാൾക്ക് പിതാവിനെ നഷ്ടപ്പെട്ടു. ഷഫീറിനു വേണ്ടി മാത്രം ജീവിച്ച അവന്റെ അമ്മ അവനെ വളരെ കഷ്ടപ്പെട്ടു പഠിപ്പിച്ചു. തെറ്റായ കൂട്ടുകെട്ടുമൂലം മയക്കുമരുന്നിനടിമയായ അവൻ തന്റെ മാതാവിന്റെ പ്രതീക്ഷകളെല്ലാം തകർക്കുകയായിരുന്നു. ദിശമാറി സഞ്ചരിച്ച അവനെ നേർവഴികാണിക്കുവാൻ ആരുമുണ്ടായിരുന്നില്ല. മകന്റെ തെറ്റായ പോക്ക് നോക്കി നിൽക്കുവാനേ ആ അമ്മയ്ക്ക് കഴിയുമായിരുന്നുള്ളൂ. യുവാക്കളെ ഒന്നടങ്കം തീവ്രവാദികളാക്കാൻ ശ്രമിച്ചിരുന്ന ഒരു സംഘടന കാശ്മീരിലെ വിദ്യാലയങ്ങളിൽ പ്രവർത്തിച്ചിരുന്നു. ഇസ്ലാം മതത്തിന്റെ മറവിൽ അവർ തീവ്രവാദികളെ സൃഷ്ടിച്ചു. കുട്ടികളെ വഴിതെറ്റിക്കുന്ന ധാരാളം മുദ്രാവാക്യങ്ങൾ അവർ പ്രചരിപ്പിച്ചു. കാശ്മീർ ഇസ്ലാമിന്റെ ദേശമാണെന്നും മുസ്ലീമുകളുടെ താത്പര്യം സംരക്ഷിക്കുന്നതിനു കാശ്മീർ സ്വതന്ത്രയാകണമെന്നുമുള്ള പൊള്ളവാക്യങ്ങൾക്കിരയായ അവനും ഒരു തീവ്രവാദിയായി. പാക്കിസ്ഥാനിലേക്കു കടന്ന അവൻ ആയുധ പരിശീലനം കഴിഞ്ഞ് ഒരു പൂർണ്ണതീവ്രവാദിയായി കാശ്മീരിലേക്കു മടങ്ങി. ഒളിച്ചു പാർത്ത് ആക്രമണം നടത്തുന്ന അവൻ മകനെ കാത്ത് ജീവിക്കുന്ന തന്റെ അമ്മയെ പോയിക്കാണാൻ ഒരിക്കലും മിനക്കെട്ടില്ല. ഒരുനാൾ ഷലിബത്ത് ടൗണിന് എട്ടു കിലോമീറ്റർ വടക്കുള്ള ഒരു ശിവക്ഷേത്രം നശിപ്പിക്കാനുള്ള ദൗത്യവുമായിച്ചെന്ന ഷഫീർ ഖാൻ അവിടെയുള്ള ഒരു വൃദ്ധ സന്യാസിയെ കണ്ടു. നിറയൊഴിക്കാൻ സന്നദ്ധനായി ഒരു കടുവയെപ്പോലെ നിന്ന ഷഫീറിനെ വെറുതെ നോക്കി നിൽക്കുക മാത്രമേ ആ സന്യാസി ചെയ്തുള്ളൂ. തേജസ്സുള്ള ആ കണ്ണുകളിൽ നോക്കിയ ഷഫീർ എല്ലാം മറന്നവനെ പോലെ ആ മഹാത്മാവിന്റെ പാദങ്ങളിലേക്കു വീണു. ഷഫീറിനെ ഒരു ശിഷ്യനെ പോലെ കണ്ട് ആ ദിവ്യൻ അവന് ദൈവത്തിന്റെ അളവുകോലിനെ പറ്റിയും മറ്റും ധാരാളം പ്രപഞ്ചസത്യങ്ങൾ പറഞ്ഞു കൊടുത്തു. നല്ല

തട്ടുന്നതും വിളിക്കുന്നതും കേട്ട് അമ്മ അടുക്കളയിൽ നിന്നും വിളിച്ചു പറഞ്ഞു "എടാ നീ അവളെ കുളിക്കാനും സമ്മതിക്കത്തില്ലേ നിനക്ക് മുകളിലത്തെ ബാത്ത്റൂമിൽ പോയി കുളിച്ചു കൂടേ?"

ഇനിയും പ്രശ്നം തുടർന്നാൽ അമ്മ നേരിട്ട് അവതരിക്കും. എല്ലാ ന്യായങ്ങളും പുന്നാരമോളുടെ ഭാഗത്തും എല്ലാ അന്യായങ്ങളും എന്റെ ഭാഗത്തും എന്നു കല്പിക്കും. കൂട്ടത്തിൽ റേസറിന്റെ കേസും ഉയർന്നു വന്നേക്കാം.

ഞാൻ ഒരു നിവർത്തിയും ഇല്ലാതെ പരുങ്ങി നിന്നു. ഇന്ന് തൊട്ടതെല്ലാം ഗുലുമാലായിരിക്കുകയാണ്. റേസർ കാണാഞ്ഞ് അച്ഛൻ ബഹളം വയ്ക്കും. ഡിറ്റക്ടീവ് അമ്മയുടെ നേതൃത്വത്തിൽ വിദഗ്ധപരിശോധന നടക്കും. തൊണ്ടി കണ്ടെടുക്കും. ദീർഘമായ പരസ്യവിചാരണയിൽ കുറ്റവാളി ഞാനാണെന്ന് കണ്ടെത്തും. പോരെങ്കിൽ അതിനെ വിളിച്ചു കൂവുന്ന തെളിവ് മൂക്കിനു താഴെ കുരുന്നു മീശയായി നിൽക്കുന്നുമുണ്ട്.

ഈശ്വരാ, ഒരു വഴികാണിച്ചുതരണേ, നാണം കെടുത്തരുതേ ഞാനിതുവരെ നിനക്ക് ഒരുപദ്രവും ചെയ്തിട്ടില്ലല്ലോ. ഞാൻ കണ്ണടച്ച് ഒരു വെളിപാടിനു വേണ്ടി കാത്തു നിന്നു.

അങ്ങനെയാണ് ഷവറിനു താഴെ നിൽക്കുന്ന രാജിയെ സോപ്പിടുക എന്ന ആശയം വീണു കിട്ടിയത്. മോളേ, രാജീ ഒരു അത്യാവശ്യകാര്യമാ ഇതൊന്ന് കേക്ക്. വാക്കിലും ശബ്ദത്തിലും ആവോളം മധുരം കലർത്തിയാണ് പറഞ്ഞത്. "ഉം, എന്താ" ഷവർ അടഞ്ഞു. വാതിലിന്റെ മുകളിലൂടെ രാജിയുടെ നനഞ്ഞ മുഖ് പുറത്തേക്കു വന്നു.

"മോളേ എനിക്കൊരബദ്ധം പറ്റി. അച്ഛന്റെ റേസർ എടുത്തു ഈ ബാത്ത് റൂമിൽ വച്ച് മറന്നു. പ്ലീസ് അച്ഛൻ അന്വേഷിച്ച് ഇവിടെ എത്തി. എന്നെ ചമ്മിക്കുന്നതിനു മുമ്പ് ആരുമറിയാതെ ഇരുന്നിടത്ത് തിരികെ എത്തിക്കണം". അവളുടെ മുഖത്തു വിരിഞ്ഞ മന്ദഹാസം അങ്ങനെ വഴിക്കുവാടാ ചെറുക്കാ എന്നതല്ലെന്ന് മനസ്സിലായത് അവളുടെ വാക്കുകൾ കേട്ടപ്പോഴാണ്. "ഏട്ടനെന്തിനാ റേസർ എടുത്തത്." എപ്പോഴും "നീ", "ചെറുക്കാ" എന്നൊക്കെ വിളിക്കുന്ന ഇവളെന്താ "ഏട്ടാ" എന്നു വിളിക്കുന്നത്. എന്തായാലും കേൾക്കാനൊരു സുഖമുണ്ട്. ഓ! ഞാൻ മോളേ, പൊന്നേ എന്നൊക്കെ വിളിച്ചതുകൊണ്ടാവും. പാവം ഞാൻ ചെയ്തിട്ടുള്ള ഉപദ്രവങ്ങളൊക്കെ എത്രവേഗം മറന്ന് മാപ്പു തന്നിരിക്കുന്നു. ഇനി ഇവളെ പിണക്കരുത് ഇത്തരം സന്ദർഭങ്ങളിൽ രക്ഷിക്കാനിവളേ ഉണ്ടാവൂ.

"അതേ മോളേ പിന്നേ, ഞാനേ മീശ ഒന്നു ശരിപ്പെടുത്താനെടുത്തതാണ്. അതാ മൂലപ്പലകയിൽ കാണും വേഗം എടുത്തു തരൂ!" എന്റെ സ്വരത്തിൽ ആധിയുടെ അലകൾ തിടുക്കം കൂട്ടി.

രാജിക്ക് കാര്യം മനസ്സിലായി. റേസർ ഇവിടെ വച്ചു മറന്നതല്ല മീശയാണ് ഇഷ്യൂ. അങ്ങനെ വരട്ടെ! അതാണ് രാവിലെ അച്ഛൻ അമ്മയോട് ചേട്ടനെ ചൂണ്ടി എന്തോ ആംഗ്യം കാണിച്ച് ചിരിക്കുന്നതു കണ്ടത്. രാജിക്ക് കഷ്ടം തോന്നി പാവം ചേട്ടൻ ആകെ ബേജാറായി നിൽക്കുന്നു. സ്നേഹവും സഹതാപവും കൊണ്ട് അലിഞ്ഞ അവൾ പറഞ്ഞു. "ഏട്ടാ, അച്ഛൻ രാവിലെ തന്നെ ബാത്ത് റൂമിൽ നിന്നും റേസർ എടുത്തിരുന്നു. ഏട്ടനെ ബേജാറാക്കാനാണ് ഈ തിരച്ചിലും ബഹളവും". എന്നിട്ട് ഒരു ഗൂഢാലോചനയുടെ സ്വരത്തിൽ ഉത്സാഹിപ്പിച്ചു. തിരിച്ച് അതേപോലെ ഒരു സൂത്രം പ്രയോഗിക്ക് ചേട്ടാ. അല്ലേ, അങ്ങനെകൊള്ളത്തില്ലല്ലോ"

അല്പസമയത്തേക്ക് എനിക്ക് ഒന്നും മനസ്സിലായില്ല. കുറച്ചുകഴിഞ്ഞിട്ടാണ് കാര്യങ്ങളുടെ കിടപ്പ് മനസ്സിലായത്. സുഹൃത്തും സഹായിയുമായി രാജിയെ കിട്ടിയതോടെ അല്പം ധൈര്യവും തോന്നി.



ഇനി ഒന്നും ചെയ്യാനാവില്ല. ഇത്തരം സന്ദർഭത്തിൽ തന്റെ തന്നെ സൃഷ്ടിയായ "ഒരു നിവൃത്തിയുമില്ലെങ്കിൽ സത്യം പറഞ്ഞേക്കുക" എന്ന മഹദ്വചനം അനുസരിക്കുക തന്നെ.

നെഞ്ചുയർത്തി ഉറച്ച കാൽ വയ്പുകളോടെ ഞാൻ വരാന്തയിലേക്കു ചെന്നു. കപട ഗൗരവത്തിലിരിക്കുന്ന അച്ഛന്റെ കണ്ണുകളിൽ തന്നെ കണ്ണുറപ്പിച്ചു. "അച്ഛാ, അച്ഛൻ ബാത്ത് റൂമിൽ നിന്നെടുത്ത റേസർ എവിടെ വെച്ചു മറന്നു?" അച്ഛന്റെ കണ്ണുകളിൽ കുസൃതിയുടെ തിളക്കം. ഒന്നോർത്തുനോക്കു.

അപ്പോഴേക്കും താൻ നോക്ക്ഡ് ഔട്ട് ആയി എന്ന് ബോധ്യമായ അച്ഛൻ കൈകൾ ഉയർത്തി എന്റെ തോളിൽ വച്ചു "ഡാഡി കൂള്, കൂള്" എന്ന് പാടാതിരിക്കാനായില്ല. "മേരാ ബേറ്റാ ഫൂള്, ഫൂള്" എന്ന് ബാക്കി അച്ഛൻ പാടിയപ്പോൾ ഒരു സെവുള്ള ദിവസം ആരംഭിക്കുകയായി.

നിന്റെ ദൈവരാജ്യം ആ മലയിലുമല്ല,
ഈ മലയിലുമല്ല, യരുശലേമിലുമല്ല,
നിന്റെ ഹൃദയത്തിലാണ്.

യേശു ക്രിസ്തു

*ഗീതാപഠനത്തിനെക്കാൾ ഫുട്ബോൾ കളിയിലൂടെ*
*നിങ്ങൾക്ക് സ്വർഗ്ഗത്തെ സമീപിക്കാൻ കഴിയും*

സ്വാമി വിവേകാനന്ദൻ

# ഒരു സ്നേഹിതൻെറ കഥ

**അരവിന്ദ്.എം. ആർ**
റോൾ നമ്പർ - 3468
ക്ലാസ്സ് VI സി

ഞാൻ ഒരു ഇൻറർവ്യൂവിന് മദ്രാസിൽ പോകുന്നവഴിക്കാണ് അവരെ കണ്ടുമുട്ടിയത്. തിരുവനന്തപുരത്തുകാരായ അവർ മൂന്നുപേരും മദ്രാസിൽ ഏതോ ഒരു ഇൻറർവ്യൂവിന് പോവുകയായിരുന്നു. മദ്രാസിൽ അറിയാവുന്നവരായിട്ട് ആരുമില്ലാത്ത എനിക്ക് അതൊരാശ്വാസമായിരുന്നു. ഭാഗ്യം കൊണ്ട് ഞങ്ങൾക്ക് നാലുപേർക്കും ജോലി കിട്ടി. മദ്രാസിലെ ഒരു മൂന്നാം കിട ലോഡ്ജിലെ ഇടുങ്ങിയ മുറിയിൽ ഞങ്ങൾ അഞ്ചുമാസം താമസിച്ചു.

ആദ്യത്തെ അവധിക്ക് നാട്ടിൽ പോയിട്ടുവന്നപ്പോൾ ഞങ്ങളിൽ ഏറ്റവും തമാശക്കാരനായ ജോസഫിന് എന്തോ ഒരു വിഷമം പോലെ തോന്നി. 'എ'ത്ര ചോദിച്ചിട്ടും അയാൾ ഒന്നുമില്ല എന്നു പറഞ്ഞൊഴിഞ്ഞു. എല്ലാ ഞായറാഴ്ചയും ഞങ്ങൾ മാർക്കറ്റിൽ പോവുക പതിവാണ്, എ ഞായറാഴ്ച ജോസഫ് ഷർട്ട് തേയ്ക്കണം എന്ന കാരണത്താൽ മാർക്കറ്റിൽ പോകുന്നതിൽ നിന്ന് ഒഴിഞ്ഞു നിന്നു.

ഞങ്ങൾ മാർക്കറ്റിൽ നിന്ന് സന്തോഷത്തോടെ തിരിച്ചുവന്നപ്പോൾ മുറി പൂട്ടി കിടക്കുന്നു. റിസപ്ഷനിൽ ചോദിച്ചപ്പോൾ സ്നേഹിതൻ മുറി ഒഴിഞ്ഞതായി അറിഞ്ഞു. താക്കോൽ വാങ്ങി മുറി തുറന്നു നോക്കിയപ്പോൾ കണ്ട കാഴ്ച ഞങ്ങളെ ഞെട്ടിച്ചു. ഞങ്ങൾ സ്നേഹിതൻ എന്നു കരുതിയിരുന്നയാൾ ഞങ്ങളുടെ പണവും മറ്റും അപഹരിച്ച് രക്ഷപ്പെട്ടിരിക്കുന്നു. രണ്ടു ദിവസം അയാളെ തിരക്കി ഞങ്ങൾ മദ്രാസ് നഗരവും പരിസരവും അരിച്ചുപെറുക്കി, പക്ഷെ ഫലം നിരാശയായിരുന്നു.

കുറച്ചുനാൾ കഴിഞ്ഞപ്പോൾ ഞങ്ങളക്കാര്യമെ മറന്നു. രണ്ടുമൂന്നു വർഷം കഴിഞ്ഞ് അവധിക്ക് നാട്ടിൽ പോയിട്ട് തിരിച്ചുവരുന്ന വഴി ഒരാൾ എൻെറ അടുത്തുവന്ന് സ്വയം പരിചയപ്പെടുത്തി. നിനക്ക് ഓർമ്മയില്ലായിരിക്കും, ഞാൻ നിൻെറ പഴയ സ്നേഹിതൻ ജോസഫ് പണ്ടത്തെ കാര്യങ്ങളോർത്ത് എനിക്ക് പെട്ടെന്ന് ദേഷ്യവും സങ്കടവുമുണ്ടായി. പക്ഷെ ഞാൻ പിടിച്ചുനിന്നു. അയാളുടെ കുടുംബകഥ കൂടി അറിഞ്ഞപ്പോൾ ഞാനാകെ തണുത്തു. പ്രത്യേകിച്ച് അയാൾ മോഷ്ടിക്കുവാനുണ്ടായ കാരണമറിഞ്ഞപ്പോൾ. അച്ഛൻെറ ആസ്മയ്ക്ക് ചികിത്സിക്കാനാണ് അയാൾ മോഷ്ടിച്ചത്. പക്ഷെ നിർഭാഗ്യം കൊണ്ട് അയാളുടെ അച്ഛൻ മരിച്ചുപോയി. ഇപ്പോളയാൾ സഹോദരിയുടെ വിവാഹത്തിനുവേണ്ട പണം തേടി നടക്കുകയാണ്. ഏതോ ഒരു അകന്നബന്ധുവിനോട് പണം കടംവാങ്ങാൻ പോവുകയാണിപ്പോൾ ഇത്രയും പറഞ്ഞപ്പോഴേക്കും എൻെറ മനസ്സലിഞ്ഞു. എൻെറ കൈയിലുണ്ടായിരുന്ന രൂപയിൽ കുറച്ച് അയാൾക്കു കൊടുത്തു.

ഞാനിക്കാര്യം മദ്രാസിൽ ചെന്ന് കൂട്ടുകാരോട് പറഞ്ഞപ്പോൾ അവർക്കും സങ്കടം തോന്നി. പിറ്റേദി





വസം ജോസഫിൻെറ അഡ്രസ് തപ്പിപ്പിടിച്ച് ഞങ്ങളയാൾക്കൊരു മണിയോർഡറയച്ചു. രണ്ടാഴ്ചകഴിഞ്ഞ് അങ്ങനെയൊരഡ്രസ് ആ സ്ഥലത്തില്ല എന്ന കാരണത്താൽ അത് തിരിച്ചുവന്നു. ജോസഫിനെപ്പറ്റിയുള്ള ഉത്കണ്ഠയായിരുന്നു മണിയോർഡർ വാങ്ങി തിരിച്ചു നടക്കുമ്പോൾ എൻെറ മനസ്സുമുഴുവൻ. ആ ഉത്കണ്ഠയെ ഏറെനേരം പിടിച്ചുനിർത്തുവാൻ എനിക്കു കഴിഞ്ഞില്ല. ഒരു അടുത്ത ബന്ധുവിന് സുഖമില്ലെന്നറിഞ്ഞ് ഞാൻ വീണ്ടും നാട്ടിലേക്ക് വണ്ടികയറി. ജോസഫിൻെറ വീട് തപ്പിപ്പിടിച്ചുചെന്നപ്പോൾ പൂട്ടിക്കിടക്കുന്നു. അടുത്ത വീട്ടിൽ ചോദിച്ചപ്പോൾ കിട്ടിയ മറുപടി കേട്ട് ഞാൻ സ്തംഭിച്ചുപോയി. സഹോദരിയുടെ വിവാഹത്തിനുവേണ്ടി ഒരു ബന്ധുവിൻെറ വീട്ടിൽ പണം വാങ്ങിക്കാൻ പോയി വരുന്നവഴി ജോസഫ് ഒരു വാഹനാപകടത്തിൽ മരണമടഞ്ഞു. ജഡം വാങ്ങാനായിപ്പോയ സഹോദരി പിന്നീട് തിരിച്ചുവന്നിട്ടില്ല. അതായത് ജോസഫ് മരിച്ചത് ഞാനും ജോസഫും ട്രെയിനിൽ വച്ച് കണ്ടുമുട്ടിയ ദിവസം തന്നെ.

○

*പരിത്രാണായ സാധൂനാം*
*വിനാശായ ച ദുഷ്കൃതാം*
*ധർമ്മ സംസ്ഥാപനാർത്ഥായ*
*സംഭവാമി യുഗേ യുഗേ*

*യദായദാഹി ധർമ്മസ്യ*
*ഗ്ലാനിർഭവതി ഭാരത*
*അഭ്യുത്ഥാനമധർമ്മസ്യ*
*തദാത്മാനം സൃജാമ്യഹം*

*ഭഗവദ്ഗീത*



# ഗുരുശിഷ്യബന്ധം ഇന്നലെയും ഇന്നും

ജിജോ ജയിംസ്
റോൾ നമ്പർ : 3417
ക്ലാസ്സ് 10 ബി

സമ്പന്നമായ ഭാരതസംസ്കാരത്തിന്റെ അടിവേരുകൾ ചെന്നെത്തി നിൽക്കുന്നത് പർണ്ണശാലകളിലാണ്. അറിവ് അഥവാ ജ്ഞാനം ദൈവികമാണ്. ഗുരുവും ശിഷ്യനും തമ്മിലുള്ള ബന്ധത്തിനാധാരം തന്നെ ഈ ജ്ഞാനത്തിന്റെ കൈമാറലാണ് അതുകൊണ്ടുതന്നെ ഗുരുശിഷ്യബന്ധം പരിപാവനവും മഹോന്നതവുമായിരിക്കുന്നു. നമ്മുടെ പുരാണങ്ങളിലും ഇതിഹാസങ്ങളിലും ഈ ബന്ധത്തിന്റെ മഹത്വത്തെ വിളിച്ചോതുന്ന എത്രയെത്ര കഥകളാണുള്ളത്! ഗുരുദക്ഷിണയായി തന്റെ പെരുവിരൽ നല്കുവാൻ ഒരു മടിയും കാട്ടാത്ത ഏകലവ്യൻ, ഗുരുവിന് നിദ്രാഭംഗം വരാതിരിക്കാൻ വേണ്ടി തന്റെ തുടയിലെ രക്തം കുടിച്ച് ഉന്മത്തനാകുന്ന വണ്ടിനെ ആട്ടിയോടിക്കാൻ പോലും മടിച്ച് വേദന കടിച്ചമർത്തിയ കർണ്ണൻ ഇങ്ങനെ എത്രയെത്ര മികവുറ്റ ഉദാഹരണങ്ങൾ.

ഈ കഥകൾ പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്ന വസ്തുത ഗുരുശിഷ്യബന്ധത്തിന്റെ ദൃഢതയ്ക്കാധാരമായ ഗുരുവിന്റെയും ശിഷ്യന്റെയും ആത്മാർപ്പണമനോഭാവത്തെയാണ്. ശിഷ്യന്റെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്കായി ഉഴിഞ്ഞു വച്ചിരുന്നതായിരുന്നു ഗുരുവിന്റെ ജീവിതം. ശിഷ്യന്റെ മനസ്സിന് ഓജസ്സും ശക്തിയും പ്രദാനം ചെയ്തുകൊണ്ട് അവനെ പ്രബുദ്ധനാക്കിയവനാണ് ഗുരു. അജ്ഞാനാന്ധകാരത്തിൽ നിന്ന് വിജ്ഞാനത്തിന്റെ വെളിച്ചം കാട്ടിയ ഗുരുവിനു വേണ്ടി സ്വജീവൻ ത്യജിക്കാൻ പോലും ശിഷ്യൻ തയ്യാറായിരുന്നു. ഗുരുദക്ഷിണയായി ആവശ്യപ്പെടുന്നതെന്തും നല്കുവാൻ എന്തു ദുരിതവും സഹിക്കാൻ അവർ തയ്യാറായിരുന്നു. അത് ഗുരുവിന്റെ അവകാശവും തങ്ങളുടെ കടമയുമായി അവർ കരുതിയിരുന്നു.

പുരാതനകാലത്തെ ഗുരുശിഷ്യബന്ധത്തിന്റെ മഹത്വത്തിന് കാതലായ ഒരു കാരണം ഗുരുക്കന്മാരുടെ നിസ്വാർത്ഥതയായിരുന്നു. നിരന്തരമായ തപസ്യയിലൂടെ താൻ നേടിയെടുത്ത അറിവ് യാതൊരുവിധലാഭേച്ഛയും കൂടാതെ ഗുരു ശിഷ്യന്മാർക്ക് പകർന്നു കൊടുത്തിരുന്നു. മറ്റു മനുഷ്യബന്ധങ്ങളിൽ നിന്നും വ്യത്യസ്തമായി സ്വാർത്ഥതയ്ക്ക് ഗുരുശിഷ്യബന്ധത്തിൽ ഒരു സ്ഥാനവുമുണ്ടായിരുന്നില്ല. വിദ്യാഭ്യാസകാലത്ത് സകല ഭൗതികസുഖങ്ങളും ഉപേക്ഷിച്ച് ഗുരുവിന്റെ പാദസേവകരായി, വിദ്യാർത്ഥികളായി കഴിഞ്ഞുകൂടിയ ശിഷ്യഗണം ഗുരുവിനെ ദൈവതുല്യനായി കണക്കാക്കിയിരുന്നു.

ഉപനിഷത്തുകളിൽ പ്രമുഖമായ തൈത്തിരിയോപനിഷത്തിലെ 'മാതൃദേവോ ഭവ, പിതൃദേവോ ഭവ, ആചാര്യദേവോ ഭവ, അതിഥിദേവോ ഭവ' എന്ന ഉപദേശത്തിലൂടെ ദൈവതുല്യരായി കാണേണ്ടവരിൽ മാതാപിതാക്കൾ കഴിഞ്ഞാൽ ഗുരുവിനാണ് സ്ഥാനം എന്നു മനസ്സിലാക്കാം. അങ്ങനെ ഗുരുവിന് പൂജ്യസ്ഥാനം നല്കി ആദരിക്കുന്ന ഒരു സംസ്കാരം ഭാരതീയർക്കുണ്ടാകുവാൻ കാരണം തന്നെ ഋഷിമാരാണ്. ഗുരുനിന്ദ ഏറ്റവും വലിയപാപമായി നാം കണക്കാക്കിയിരുന്നു. ഗുരു നിന്ദനത്തിന് പ്രായശ്ചിത്തമായി ഉമിത്തീയിൽ സ്വയം എരിഞ്ഞു തീർന്ന ശിഷ്യന്റെ കഥ ഇതിനുദാഹരണമാണ്.

കാലചക്രം ഏറെത്തിരിഞ്ഞപ്പോൾ ഋഷിമാരും രാജാക്കന്മാരും ഗുരുകുലസമ്പ്രദായവുമൊക്കെ എവിടെയോ പോയ് മറഞ്ഞു. ജനകീയ കാലഘട്ടം വന്നു ചേർന്നു. പണ്ട്, താത്പര്യമുള്ളവർ മാത്രമേ, അഥവാ വിദ്യയാചിക്കുന്നവർ മാത്രമേ വിദ്യാർത്ഥികളായിരുന്നുള്ളൂ. എന്നാൽ വിദ്യാഭ്യാസം സാർവ്വത്രികമായപ്പോൾ വിദ്യാദോഷികളും വിദ്യാർത്ഥിവേഷം കെട്ടി ഇത് ഗുരുശിഷ്യബന്ധത്തിൽ ഒരു വലിയ വ്യതിയാനം സൃഷ്ടിച്ചു.

ഇന്നത്തെ ഗുരുശിഷ്യബന്ധത്തിന്റെ അവസ്ഥയെന്താണ്? അദ്ധ്യാപകൻ, വിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം അറിവ് നേടാനുള്ള ഒരു 'മാധ്യമം' മാത്രമാണ്. അത് ഫലപ്രദമായി പ്രയോജനപ്പെടുത്തുക എന്നതിൽ കവിഞ്ഞ് അദ്ധ്യാപകനോട് ഒരാത്മബന്ധം ഉണ്ടാക്കിയെടുക്കാൻ ആരും ശ്രമിക്കുന്നില്ല.

വിദ്യാർത്ഥിയെ തിരുത്തുവാനോ ശിക്ഷിക്കുവാനോ അദ്ധ്യാപകൻ തുനിഞ്ഞാൽ അയാൾക്കു കിട്ടുന്ന പ്രതിഫലം ദുരിതാനുഭവങ്ങളായിരിക്കും. അദ്ധ്യാപകനെ കൈയ്യേറ്റം ചെയ്യാൻ പോലും ഇന്നത്തെ 'വിദ്യാർത്ഥി മടിക്കുന്നില്ല'. പരിപാവനമെന്നും മഹത്തരമെന്നും നാം പാടിപ്പുകഴ്ത്തിയ ഗുരുശിഷ്യബന്ധത്തിന്റെ ഈ ശോചനീയാവസ്ഥയ്ക്ക് കാരണമെന്താണെന്നു നമുക്കൊന്നു പരിശോധിക്കാം.

വിദ്യാഭ്യാസം സാർവ്വത്രികമായതോടെ വിദ്യാർത്ഥികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു. അദ്ധ്യാപകനും വിദ്യാർത്ഥിയുമായി ഇടപഴകുന്നതിന് വിദ്യാലയങ്ങൾ ഒരുക്കുന്ന സമയം വളരെ പരിമിതമാണ്. പാരാവാരം പോലെ പരന്നു കിടക്കുന്ന സിലബസ് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും താങ്ങാവുന്നതിലധികമായിരിക്കുന്നു. അതിനാൽ ഓരോ കുട്ടിയുടെയും മാനസികവും ബുദ്ധിപരവുമായ വളർച്ചയിൽ ശ്രദ്ധിക്കുവാൻ അദ്ധ്യാപകർക്കു കഴിയാതെയായി. എല്ലാ വിഷയങ്ങളിലും അഗാധ പാണ്ഡിത്യം നേടിയ ഋഷിതുല്യരായ ഗുരുക്കളുടെ സ്ഥാനം ഏറ്റെടുത്ത ആധുനിക അദ്ധ്യാപകർക്ക് സ്വന്തം വിഷയത്തിൽപോലും പലപ്പോഴും വേണ്ടത്ര അവഗാഹം നേടാനാകുന്നില്ല പലപ്പോഴും അറിവ് ഭംഗിയായി വിദ്യാർത്ഥികൾക്ക് പകർന്നു നല്കാൻപോലും അവരെക്കൊണ്ട് കഴിയുന്നില്ല.

ജീവിതത്തിന്റെ എല്ലാ മേഖലകളിലും സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യശോഷണമാണ് മറ്റൊരു പ്രധാനകാരണം. ഗുരുശിഷ്യബന്ധമെന്നല്ല എല്ലാ ബന്ധവും അയഞ്ഞു പോയിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. പരസ്പരവിശ്വാസത്തകർച്ചയാണ് ഈ ശോച്യാവസ്ഥയ്ക്ക് ആധാരം എന്നു പറയാം. ഇന്നത്തെ വിദ്യാർത്ഥിയുടെ മൂല്യത്തകർച്ചയെപ്പറ്റി നാം ഏറെ ചർച്ചചെയ്യാറുണ്ട്. എന്നാൽ ഈ മൂല്യത്തകർച്ച വിദ്യാർത്ഥിയുടേത് മാത്രമല്ല നമ്മുടെ സാമൂഹ്യവ്യവസ്ഥിതിയുടേത് തന്നെയാണ്. അതിന്റെ പ്രതിഫലനമാണ് നാം വിദ്യാർത്ഥികളിൽ കാണുന്നത്. ഇതു തടയാനായി മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നല്കാൻ ഇന്നത്തെ വിദ്യാലയങ്ങൾ തയ്യാറല്ല താനും.

വിദ്യാഭ്യാസമേഖല ഒരു കച്ചവടമേഖലയായി തരംതാണിരിക്കുന്നു. അദ്ധ്യാപകനായി നിയമനം ലഭിക്കുവാൻ ലക്ഷങ്ങൾ കോഴകൊടുക്കേണ്ടിവരുന്ന ഒരാളിൽ നിന്ന് തന്റെ ജോലിയോട് കാര്യമായ ആത്മാർത്ഥത പ്രതീക്ഷിക്കേണ്ട കാര്യമല്ല. വിദ്യാർത്ഥികളുടെ പ്രവേശനത്തിനും ധാരാളം പണം ചെലവഴിക്കേണ്ടിവരുന്നു. അങ്ങനെ അദ്ധ്യാപകന്റെയും വിദ്യാർത്ഥിയുടെയും ആത്മാർത്ഥത ചോർത്തിയെടുക്കുന്നതിൽ പോലും വിദ്യാലയങ്ങൾ ഒരു വലിയ പങ്കു വഹിക്കുന്നു.

ഇന്ന് വളരെയധികം പ്രചാരം നേടിയ മറ്റൊന്നാണ് ട്യൂഷൻ സമ്പ്രദായം. ട്യൂഷൻ കിട്ടുന്ന വിദ്യാർത്ഥിക്ക് തന്റെ വിദ്യാലയത്തിലെ അദ്ധ്യാപകനോട് വേണ്ടത്ര കടപ്പാടുണ്ടാകുകയില്ല. സ്കൂളും ക്ലാസ്സ് മുറിയും ആ വിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം സമയം ചെലവഴിക്കാനൊരിടം മാത്രമാണ്. ഗുരുവിന് ബഹുമാന്യമായ പദവി നമ്മുടെ സംസ്കാരത്തിന്റെ പ്രത്യേകതയാണ്. എന്നാൽ ഇന്ന് വീടുകളിൽ മാതാപിതാക്കൾ കുട്ടികളിൽ ഇത്തരമൊരു സംസ്കാരം വളർത്തിയെടുക്കാൻ ശ്രമിക്കുന്നില്ല.

ഇന്നത്തെ സാമൂഹ്യ വ്യവസ്ഥിതിയിൽ അദ്ധ്യാപകന്റെ അന്തസ്സ് തുലോം കുറഞ്ഞുപോയിരിക്കുന്നു. ഇതിന് ഒരു കാരണം അവരുടെ കുറഞ്ഞ ശമ്പളമാണ്. മറ്റ് സേവനമേഖലകളിലെന്നപോലെ, അദ്ധ്യാപകന്റെയും ശമ്പളനിരക്ക് വർദ്ധിപ്പിക്കുകയാണെങ്കിൽ ഈ ദുരവസ്ഥ മാറിക്കിട്ടും. ഉയർന്ന സാമ്പത്തികസ്ഥിതിയുള്ള ഒരു വിദ്യാർത്ഥിക്ക് കുറഞ്ഞ ശമ്പളക്കാരനായ അദ്ധ്യാപകനെപ്പറ്റി തുലോം പുച്ഛം നിറഞ്ഞ അഭിപ്രായമേ ഉണ്ടാവൂ. അദ്ധ്യാപകന്റെ ശമ്പളനിരക്ക് വർദ്ധിപ്പിക്കുകയാണെങ്കിൽ പ്രഗത്ഭരായ അദ്ധ്യാപകരെ സമൂഹത്തിന് ലഭിക്കുമെന്നതിൽ സംശയമില്ല.

ഗുരുശിഷ്യബന്ധത്തിന് സംഭവിച്ച ഈ അവസ്ഥാന്തരത്തിന് സവിശേഷമായ മറ്റൊരു കാരണമായിപ്പറയുന്നത് 'തലമുറകളുടെ വിടവ്' ആണ്. പണ്ടത്തേതിനേക്കാൾ പ്രാധാന്യവും അംഗീകാരവും ലഭിക്കുന്ന വിദ്യാർത്ഥിക്ക് 'ഗുരുവിനെ അനുസരിക്കുക, മറ്റൊരു വ്യക്തിയെത്തന്നെ അംഗീകരിക്കുക' എന്നിവയൊന്നും ഈ മാറിയ സാഹചര്യത്തിൽ സാദ്ധ്യമല്ലാതായിരിക്കുന്നു. വിദ്യാർത്ഥിയെ 'വരച്ചവര'യിൽ നിറുത്താൻ ശ്രമിക്കുന്ന അദ്ധ്യാപകന്റെ നയത്തിലും മാറ്റം വരുത്തേണ്ടതാണ്. അനുനയമാണ് ഇന്നത്തെ വിജയകരമായ അദ്ധ്യാപനത്തിനാധാരം. മർദ്ദനങ്ങളും കടുത്ത ശിക്ഷകളും ഇന്നത്തെ വിദ്യാർത്ഥിയിൽ ഭയമോ അനുസരണയോ ഉണ്ടാക്കുന്നില്ല. പുതിയ തലമുറയുടെ അഭിരുചികൾക്ക് അനുസരിച്ച് പാഠ്യസമ്പ്രദായത്തിൽ മാറ്റം വരുത്തേണ്ടതാണ്. എങ്കിൽ മാത്രമേ ഇന്നത്തെ അദ്ധ്യാപകന് വിദ്യാർത്ഥികളുടെ മനസ്സിൽ ഒരു ബഹുമാന്യ സ്ഥാനം ലഭിക്കൂ.

എന്നാൽ നമ്മുടെ ഈ ജീർണ്ണിച്ച സാമൂഹ്യ വ്യവസ്ഥിതിയിലും വിദ്യാർത്ഥികളുടെ മനസ്സിൽ മായാത്ത മുദ്രപതിപ്പിക്കുന്ന ധാരാളം അദ്ധ്യാപക പ്രതിഭകൾ നമുക്കുണ്ട്. ശിഷ്യന്മാരോട് എക്കാലവും നീണ്ടു നില്ക്കുന്ന ആത്മബന്ധം സൃഷ്ടിച്ചെടുക്കാൻ അത്തരക്കാർക്ക് കഴിയുന്നുമുണ്ട്. ഇതിൽ നിന്ന് വ്യക്തമാകുന്നത് നമ്മുടെ വിദ്യാഭ്യാസമേഖലയ്ക്ക് ഒന്നടങ്കം മൂല്യച്യുതി ബാധിച്ചിട്ടില്ല എന്നാണ്. ആത്മാർത്ഥതയും അർപ്പണമനോഭാവവും വിജ്ഞാനവൈഭവവും കൊണ്ട് അദ്ധ്യാപകലോകത്തിന് നഷ്ടപ്പെട്ട ബഹുമാന്യപദവി നേടിയെടുക്കാവുന്നതാണ്.





# ദിവാസ്വപ്നം

അരയന്നക്കിടാപോലെ മാനസപ്പൊയ്കയിൽ
സ്നേഹാർദ്രമാവാം ചിരികളാൽ, കുസൃതിയാലവൾ,
ചിറക് വിടർത്തി ഇളകിയൊഴുകുന്നു.
ഒരു സ്വപ്നറാണിയായവൾ ഒഴുകുന്നു.
വാസനയുള്ളൊരു മുല്ലപ്പൂ ചൂടി
ആടി മരാളസമായവൾ വന്നു
അവളുടെ നീലോല്പലമിഴികളിൽ ഞാനൊരു
വർണ്ണോജ്ജ്വല സ്വപ്നമാല കണ്ടു മടങ്ങി.
സ്വപ്നങ്ങളിലും കടക്കണ്ണിൻ കടാക്ഷത്താലവൾ,
ശിലയാമെൻ മനം താരുപോലാക്കി
വെൺമുത്തുകൾ പൊഴിയും കിളിമൊഴികൾ കൊണ്ടവൾ
എന്റെ മനസ്സിൽ ഒരായിരം തിലാപുഷ്പം വിരിയിച്ചു.
എൻ മാനസോദ്യാനത്തിന്നൊഴിഞ്ഞ കോണിൽ,
എൻ സഖിയുമായ് ഞാൻ സല്ലപിച്ചിരിക്കെ,
ശകടങ്ങൾ തൻ ശബ്ദം കേട്ടു ഞാൻ ഞെട്ടിയുണർന്നു
ഹാ കഷ്ടം ഞാൻ കണ്ടതു വെറും സ്വപ്നമോ?
എൻ ചപലമാനസത്തിൻ ദിവാസ്വപ്നം മാത്രമോ!

പ്രവീൺകുമാർ. ആർ
റോൾ നമ്പർ : 2909, ക്ലാസ്സ് : XI എ

അരുൺകിഷോർ, കെ.കെ.
*റോൾ നമ്പർ 3041, ക്ലാസ്സ് X ബി*

# ശാപം

രാവിലെ ആഫീസിൽ വന്ന് മേശപ്പുറത്തെ പത്രം കണ്ടപ്പോഴാണ് എനിക്ക് ആ ദിവസത്തിന്റെ പ്രാധാന്യം ഓർമ്മ വന്നത്. 'മേയ് 13' എന്റെ ജീവിതത്തിലെ ഒരു നാഴികക്കല്ലായിരുന്നു ആ ദിവസം. ഇന്നു ഞാനനുഭവിക്കുന്ന സകല സുഖസൗകര്യങ്ങൾക്കും തുടക്കം കുറിച്ചത് ആ ദിവസമാണല്ലോ എന്നു ഞാനോർത്തു. തുടർന്ന് ചിന്തയിൽ മുഴുകിയ ഞാൻ എന്റെ മനസ്സിനെ ജീവിതത്തിന്റെ ഭൂതകാലത്തിലേക്ക് തിരിച്ചുവിട്ടു. ജീവിതത്തിന്റെ ദുരന്തങ്ങളെക്കുറിച്ച് അറിഞ്ഞു തുടങ്ങിയ ആ കാലഘട്ടങ്ങളിലേക്ക് ഞാൻ ഇറങ്ങിച്ചെന്നു. ആ നല്ല ജീവിതഭാഗങ്ങൾക്കിടയിൽ ഒരു കറുത്തപൊട്ടായി ആ സംഭവം നിലനിൽക്കുന്നത് എനിക്ക് കാണാമായിരുന്നു.

ഇതേ ദിവസം ഇരുപത് വർഷങ്ങൾക്കുമുമ്പാണ് ഞാനാദ്യമായി ഈ കമ്പനിയെക്കുറിച്ചറിയുന്നത്. പത്രത്തിലെ ഒരു പരസ്യത്തിൽ ഈ കമ്പനിയുടെ ഒരു ജോലിക്കായി അപേക്ഷ ക്ഷണിച്ചിരുന്നു. ആവശ്യത്തിനുള്ള പഠിത്തമെല്ലാം കഴിഞ്ഞ് ജോലി അന്വേഷിക്കുകയായിരുന്ന എനിക്കും എന്റെ സുഹൃത്ത് രാകേഷിനും ആ പരസ്യം ഒരു വഴികാട്ടിയായിരുന്നു. അധികം വൈകാതെ തന്നെ പത്രത്തിൽ ഈ പരസ്യം കണ്ടതിനെക്കുറിച്ചുള്ള വിവരങ്ങൾ ഞാൻ രാകേഷിനെ അറിയിച്ചു. ഒരു പക്ഷേ, ഈ കമ്പനിയിൽ ജോലി ചെയ്യാൻ എന്നേക്കാൾ ആഗ്രഹം രാകേഷിനായിരുന്നു. പഠന കാര്യങ്ങളിൽ രാകേഷ് എന്നേക്കാൾ മെച്ചമായിരുന്നെങ്കിലും, ഭാഗ്യം കൂടുതൽ എനിക്കായിരുന്നു.

കമ്പനിയെക്കുറിച്ചുള്ള വിവരങ്ങൾ ലഭിച്ച അന്നുമുതൽ രാകേഷിന്റെ മനസ്സിൽ ലക്ഷ്യബോധത്തിന്റെ തളിരുകൾ മുളയ്ക്കുകയായിരുന്നു. ഏതു കാര്യത്തിലും എന്നേക്കാൾ ഒരു പടി മുമ്പിലായിരുന്ന രാകേഷ് ആ കാര്യത്തിലും വിട്ടു തന്നില്ല. അവസരം കാണിച്ചുകൊടുത്തു എന്നതു മാത്രമായി എന്റെ പരിശ്രമം. ബാക്കിയെല്ലാം എന്റെ പ്രിയ സുഹൃത്തിന്റെ ദാനമായിരുന്നു. ഈ കമ്പനിയിൽ ജോലി ലഭിക്കാൻ രാകേഷിന് അതിയായ മോഹമുണ്ടായിരുന്നു. അതിനായി ആ പരീക്ഷ എങ്ങനെയായാലും വിജയിക്കണം എന്നത് രാകേഷിന്റെ ഒരു വാശിയായി. പരീക്ഷ വിജയിച്ച് ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന രംഗം സ്വപ്നം കാണാൻ പലപ്പോഴും രാകേഷ് എന്നെ പ്രേരിപ്പിച്ചിട്ടുണ്ടായിരുന്നു.

